©
**കേരള സർക്കാർ**
Government of Kerala
2024

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 13** Vol. XIII | **തിരുവനന്തപുരം, വ്യാഴം** Thiruvananthapuram, Thursday | **2024 ഫെബ്രുവരി 29** 29th February 2024 **1199 കുംഭം 16** 16th Kumbham 1199 **1945 ഫാൽഗുനം 10** 10th Phalguna 1945 | **നമ്പർ** No. | **763** |

കേരള സർക്കാർ

**ആരോഗ്യവും കുടുംബക്ഷേമവും (എഫ്.ഡബ്ല്യൂ.) വകുപ്പ്**

വിജ്ഞാപനം

സ. ഉ. (പി) നമ്പർ 9/2024/ആ.കു.വ.

*തിരുവനന്തപുരം, 2024 ഫെബ്രുവരി 19*
*1199 കുംഭം 6.*

**എസ്. ആർ. ഒ. നമ്പർ 214/2024**

2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റിലെ (2018-ലെ 2-ാം ആക്റ്റ്) 13-ാം വകുപ്പിന്റെ (1)-ാം ഉപവകുപ്പ് നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് കേരളത്തിലെ യുനാനി ചികിത്സാ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

സ്ഥാപനങ്ങൾ പാലിക്കേണ്ടതായ നിലവാരം നിർണ്ണയിച്ചുകൊണ്ട്, കേരള സർക്കാർ, താഴെപ്പറയുന്ന ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത്:—

**ചട്ടങ്ങൾ**

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ചട്ടങ്ങൾക്ക് 2023-ലെ കേരള യുനാനി ക്ലിനിക്കൽ സ്ഥാപനങ്ങൾ (നിലവാരം നിർണ്ണയിക്കൽ) ചട്ടങ്ങൾ എന്ന് പേര് പറയാം.

(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.— (1) ഈ ചട്ടങ്ങളിൽ, സന്ദർഭം മറ്റ് വിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "ആക്റ്റ്" എന്നാൽ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018-ലെ 2-ാം ആക്റ്റ്) എന്നർത്ഥമാകുന്നു;

(ബി) “അനുബന്ധം” എന്നാൽ ഈ ചട്ടത്തിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള അനുബന്ധം എന്നർത്ഥമാകുന്നു;

(സി) “സർക്കാർ” എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ഡി) “സംസ്ഥാനം” എന്നാൽ കേരള സംസ്ഥാനം എന്നർത്ഥമാകുന്നു.

(2) ഈ ചട്ടങ്ങളിൽ ഉപയോഗിച്ചിട്ടുള്ളതും, എന്നാൽ നിർവ്വചിച്ചിട്ടില്ലാത്തതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും, യഥാക്രമം, അവയ്ക്ക് ആക്റ്റിൽ നൽകപ്പെട്ടിട്ടുള്ള അതേ അർത്ഥം തന്നെയായിരിക്കുന്നതാണ്.

3. യുനാനി വകുപ്പിന് കീഴിലുള്ള ചികിത്സാ സ്ഥാപനങ്ങളുടെ തരം തിരിക്കൽ.— യുനാനി വകുപ്പിന് കീഴിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ താഴെപ്പറയും പ്രകാരം തരം തിരിക്കാവുന്നതാണ്, അതായത്:—

(1) യുനാനി ക്ലിനിക്കുകൾ

(2) റെജിമെൻ തെറാപ്പി ഉള്ള യുനാനി ക്ലിനിക്കുകൾ

(3) യുനാനി സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ

(4) യുനാനി ഹോസ്പിറ്റലുകൾ

(5) രജിസ്റ്റർ ചെയ്ത യുനാനി മെഡിക്കൽ പ്രാക്ടീഷണർ

4. യുനാനി ക്ലിനിക്കുകൾ പാലിക്കേണ്ടതായ നിലവാരങ്ങൾ.—യുനാനി ക്ലിനിക്കുകൾ പാലിക്കേണ്ടതായ നിലവാരങ്ങൾ ചുവടെ ചേർക്കുന്നു, അതായത്:—

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(1) **നിർവ്വചനം**:—

(i) ഒരു യുനാനി ക്ലിനിക് എന്നാൽ രജിസ്റ്റർ ചെയ്ത യുനാനി മെഡിക്കൽ പ്രാക്ടീഷണർ മുഖേന മരുന്നുകൾ വിതരണം ചെയ്യുന്നതും അവശ്യ ചികിത്സാ രീതികൾ നൽകുന്നതും ഉൾപ്പെടെ പരിശോധന, കുറിപ്പടി എന്നിവ നൽകുന്ന ഒരു ക്ലിനിക്കൽ സ്ഥാപനം എന്നർത്ഥമാകുന്നതും അതിൽ ബാൻഡേജിംഗ്, മുറിവ് ഡ്രെസ്സിംഗ്, തുന്നൽ, ഫോറിൻ ബോഡി പുറത്തെടുക്കൽ, പ്രഥമശുശ്രൂഷ മുതലായവ പോലുള്ള ചെറിയ നടപടിക്രമങ്ങൾ കൂടാതെ കിടത്തിച്ചികിത്സ ആവശ്യമില്ലാത്ത മരുന്നുകൾ നൽകുകയും ചെയ്യുന്ന പ്രവർത്തികൾ ഉൾപ്പെടുന്നതും ആകുന്നു;

(ii) രജിസ്റ്റർ ചെയ്ത യുനാനി പ്രാക്ടീഷണറുടെ മേൽനോട്ടത്തിലാണ് മരുന്ന് വിതരണം ചെയ്യുന്നത്.

(2) **വ്യാപ്തി**:—

(i) ഒന്നോ അതിലധികമോ ഫിസിഷ്യൻമാരാൽ രോഗികളുടെ പരിശോധന, മരുന്നുകൾ വിതരണം ചെയ്യൽ, അവശ്യ ചികിൽസാ രീതികൾ നൽകൽ എന്നിവ പോലുള്ള രോഗി പരിചരണ സേവനങ്ങൾ നൽകുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ;

(ii) ഒന്നോ അതിലധികമോ ഫിസിഷ്യൻമാരോ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റുകളോ മരുന്നുകൾ വിതരണം ചെയ്യുന്നതും അത്യാവശ്യമായ ചികിത്സാരീതികൾ ചെയ്യുന്നതുപോലുള്ള രോഗീപരിചരണ സേവനങ്ങൾ, പരിശോധന, കുറിപ്പടി നൽകൽ എന്നീ സേവനങ്ങൾ നൽകുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ;

(iii) ആരോഗ്യ വിദ്യാഭ്യാസം നൽകുകയും ആരോഗ്യ വിവരണവും രോഗ പ്രതിരോധത്തിനുമുള്ള ഉപദേശവും നൽകുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ;

(iv) ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ; എന്നിവയ്ക്ക് ഈ നിലവാരങ്ങൾ ബാധകമാകുന്നതാണ്.

(3) **അടിസ്ഥാന സൗകര്യങ്ങൾ**:—

(i) രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ജീവനക്കാർക്കും സന്ദർശകർക്കും സുരക്ഷിതമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതാണ്. ഈ ക്ലിനിക്കൽ സ്ഥാപനം സ്ഥിതിചെയ്യേണ്ടത് വൃത്തിയുള്ള ചുറ്റുപാടുകളുള്ള ഒരു സ്ഥലത്ത് ആയിരിക്കുകയും അതതുസമയം പ്രാബല്യത്തിൽ ഉള്ള പ്രാദേശിക നിയമങ്ങൾ പാലിക്കേണ്ടതുമാണ്;

(ii) അടിസ്ഥാന പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ സ്ഥല ആവശ്യകതയും സൗകര്യങ്ങളും **അനുബന്ധം 1** പ്രകാരം ആയിരിക്കേണ്ടതാണ്**;**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) ക്ലിനിക്കൽ സ്ഥാപനം നന്നായി പ്രകാശമുള്ളതും വായുസഞ്ചാരമുള്ളതും മതിയായ ജലവിതരണ സൗകര്യത്തോടും കൂടിയ വൃത്തിയുള്ളതുമായ ഇടത്തായിരിക്കണം;

(iv) ക്ലിനിക്കിന്റെ ഗേറ്റിലോ കെട്ടിടത്തിലോ പ്രാദേശിക ഭാഷയിൽ ക്ലിനിക്കിന്റെ പേരും സ്ഥലത്തിന്റെ പേരും പ്രദർശിപ്പിക്കുന്ന ഒരു പ്രധാന ബോർഡോ സൈനേജോ ഉണ്ടായിരിക്കണം. ഡോക്ടറുടെ പേരും രജിസ്ട്രേഷൻ നമ്പറും യോഗ്യതയും പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിച്ചിരിക്കണം;

(v) ക്ലിനിക്കിന്റെ സമയവും ബന്ധപ്പെടാനുള്ള നമ്പറും പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിച്ചിരിക്കണം;

(vi) ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകുന്ന സേവനങ്ങൾ പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിച്ചിരിക്കണം.

(4) **ഫർണിച്ചറുകൾ**:—

(i) യുനാനി ക്ലിനിക്കിന്റെ പ്രവർത്തനങ്ങളും ജോലിഭാരവും അനുസരിച്ച് ഫർണിച്ചറുകൾ ലഭ്യമായിരിക്കേണ്ടതാണ്;

(ii) ഫർണിച്ചറുകൾ എല്ലാ സമയത്തും ഉപയോഗയോഗ്യമായിരിക്കേണ്ടതാണ്. ഫർണിച്ചർ ഇനങ്ങളുടെ സൂചക പട്ടിക **അനുബന്ധം 2**-ൽ നൽകിയിട്ടുണ്ട്.

(5) **മാനവവിഭവശേഷി**:—

(i) യുനാനി ഡോക്ടർമാർ കേരള സംസ്ഥാന മെഡിക്കൽ കൗൺസിലിലോ കേന്ദ്ര മെഡിക്കൽ കൗൺസിലിലോ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്;

(ii) പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ ആയത് സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾക്കനുസൃതമായിരിക്കേണ്ടതാണ്;

(iii) ഡോക്ടർമാർ നൽകുന്ന സേവനങ്ങൾ അവരുടെ യോഗ്യതകൾക്ക് അനുസൃതമായിരിക്കേണ്ടതാണ്;

(iv) അടിസ്ഥാനപരമായി ആവശ്യമായ മാനവ വിഭവശേഷി **അനുബന്ധം 3**-ൽ നൽകിയിട്ടുണ്ട്.

(6) **ഉപകരണങ്ങൾ, സാമഗ്രികൾ, മരുന്നുകൾ**:—

(i) ക്ലിനിക്കൽ സ്ഥാപനത്തിൽ അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ട ഉപകരണങ്ങളും സാമഗ്രികളും മരുന്നുകളും **അനുബന്ധം 4**-ൽ നൽകിയിട്ടുണ്ട്;

(ii) ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകുന്ന സേവനങ്ങളുടെ വ്യാപ്തിക്ക് അനുസരിച്ചുള്ള മറ്റ് ഉപകരണങ്ങളും സാമഗ്രികളും ലഭ്യമായിരിക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) എല്ലാ ഉപകരണങ്ങളും എല്ലായ്പ്പോഴും പ്രവർത്തനക്ഷമമായിരിക്കണം. ഉപകരണങ്ങളുടെ ആനുകാലിക പരിശോധന, വൃത്തിയാക്കൽ, അറ്റകുറ്റപ്പണികൾ എന്നിവ നടത്തേണ്ടതുമാണ്;

(iv) യുനാനി ക്ലിനിക്കിൽ/ഡിസ്പെൻസറിയിൽ (മരുന്ന് വിതരണം ചെയ്യുന്നിടത്ത്) നിശിത രോഗങ്ങളുടെയും വിട്ടുമാറാത്ത രോഗങ്ങളുടെയും ചികിത്സയ്ക്കുള്ള അടിസ്ഥാന മരുന്നുകൾ ഉണ്ടായിരിക്കണം. എന്നിരുന്നാലും ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകുന്ന സേവനത്തിന്റെ വ്യാപ്തിക്ക് അനുസരിച്ചുള്ള മറ്റ് മരുന്നുകളും ലഭ്യമായിരിക്കേണ്ടതാണ്.

(7) **പിന്തുണാ സേവനം**:—

(i) ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകി വരുന്ന സേവനങ്ങൾക്കനുസൃതമായ ഒന്നോ അതിലധികമോ സപ്പോർട്ട് സ്റ്റാഫ് ഉണ്ടായിരിക്കേണ്ടതാണ്;

(ii) ഉപകരണങ്ങളും മരുന്നുകളും സൂക്ഷിക്കുന്നതിന് മതിയായ ഇടം ഉണ്ടായിരിക്കണം. മരുന്നുനിർമ്മാതാക്കളുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാവുന്ന സാഹചര്യത്തിൽ മരുന്നുകൾ സൂക്ഷിക്കുന്നത് അവരുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കേണ്ടതാണ്. ക്ലിനിക്കൽ സ്ഥാപനത്തിന്റെ ജോലിഭാരം നിറവേറ്റുന്നതിനുള്ള മതിയായ ഉപകരണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(8) **നിയമപരമായ ആവശ്യകതകൾ**:—

(i) ഡോക്ടർമാർ കേന്ദ്ര മെഡിക്കൽ കൗൺസിലിലോ കേരള സംസ്ഥാന മെഡിക്കൽ കൗൺസിലിലോ രജിസ്ട്രേഷൻ ചെയ്തിരിക്കേണ്ടതാണ്;

(ii) ബയോ മെഡിക്കൽ മാലിന്യങ്ങൾ റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ശേഖരിക്കുകയും വേർതിരിക്കുകയും പായ്ക്ക് ചെയ്യുകയും കൊണ്ടുപോകുകയും സംസ്കരിക്കുകയും ചെയ്യേണ്ടതാണ്.

(9) **റെക്കോർഡ് മെയിന്റനൻസും റിപ്പോർട്ടിംഗും**:—

(i) ഓരോ ക്ലിനിക്കൽ സ്ഥാപനവും ചികിത്സിച്ച രോഗികളുടെ മെഡിക്കൽ റെക്കോർഡുകളും **അനുബന്ധം 5** അനുസരിച്ച് ആരോഗ്യ വിവരങ്ങളും സ്ഥിതിവിവരക്കണക്കുകളും സൂക്ഷിച്ചിരിക്കുകയും, അധികാരികൾ ആവശ്യപ്പെടുകയാണെങ്കിൽ അത് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്;

(ii) എല്ലാ രേഖകളുടെയും സ്ഥിതിവിവരക്കണക്കുകളുടെയും പകർപ്പുകൾ ഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചോ അല്ലെങ്കിൽ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ ( രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് അനുസരിച്ചോ ഒരു നിശ്ചിത കാലയളവിലേക്ക് ബന്ധപ്പെട്ട ക്ലിനിക്കൽ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും അടിയന്തരാവസ്ഥയിലോ ദുരന്തത്തിലോ പകർച്ചവ്യാധി സാഹചര്യത്തിലോ അല്ലെങ്കിൽ അധികാരികൾ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന സമയത്തോ വിവരങ്ങളുടെയും സ്ഥിതിവിവരക്കണക്കുകളുടെയും രേഖകൾ നൽകാൻ ബാധ്യസ്ഥരാണ്.

(10) **അടിസ്ഥാന പ്രക്രിയ**:—

(i) രജിസ്ട്രേഷനും ഡോക്യുമെന്റേഷനും,—

(എ) ക്ലിനിക്ക് സന്ദർശിക്കുന്ന ഓരോ രോഗിയുടെയും വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുകയും രേഖപ്പെടുത്തുകയും വേണം.

(ബി) ഓരോ രോഗിയും പരിശോധനയ്ക്ക് വിധേയരാകുകയും തുടർന്ന് കണ്ടെത്തലുകൾ, പരിശോധന വിശദാംശങ്ങൾ, മരുന്ന്, ചികിത്സാ നടപടിക്രമങ്ങൾ എന്നിവ രോഗനിർണയത്തോടൊപ്പം രേഖപ്പെടുത്തേണ്ടതും തീയതിയും ഡോക്ടറുടെ ഒപ്പും സഹിതം കുറിപ്പടിയിൽ വ്യക്തമായി രേഖപ്പെടുത്തുത്തേണ്ടതുമാണ്.

(സി) **അനുബന്ധം 6** പ്രകാരമുള്ള രോഗിയുടെ അവകാശങ്ങളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ച് രോഗിയെ ബോധവൽക്കരിക്കുകയും അറിയിക്കുകയും ചെയ്തിരിക്കണം.

(ii) മരുന്നുകളുടെ വിതരണം,—

(എ) മരുന്നുകൾ വിതരണം ചെയ്യേണ്ടത് ഡോക്ടറുടെ മേൽനോട്ടത്തിൽ ആയിരിക്കേണ്ടതാണ്;

(ബി) ലഭ്യമായ എല്ലാ മരുന്നിനും ലേബലിംഗ് നടത്തണം. അതിൽ മരുന്നിന്റെ പേര്, ഡോസ്, ഉപയോഗ രീതി, കഴിക്കേണ്ട ആവൃത്തി, തയ്യാറാക്കുന്ന തീയതി എന്നിവ ഉൾപ്പെട്ടിരിക്കേണ്ടതാണ്;

(സി) മരുന്ന് നൽകുന്നതിന് മുമ്പ് നിർദ്ദേശിച്ച മരുന്നിന്റെ ഡോസ്, കാലാവധി തീരുന്ന തീയതി, നിർദ്ദേശിച്ച മരുന്നിന്റെ ലേബലുകൾ എന്നിവ പരിശോധിക്കേണ്ടതാണ്.

(iii) അണുബാധ നിയന്ത്രണം,—

(എ) കൈകളുടെശുചിത്വംഉൾപ്പെടെയുള്ളഅണുബാധനിയന്ത്രിക്കുന്നതിനുള്ള എല്ലാമുൻകരുതലുകളുംക്ലിനിക്കൽസ്ഥാപനങ്ങൾകൈക്കൊള്ളേണ്ടതാണ്;

(ബി) കൈകഴുകുന്നതിനോ മറ്റു സാനിറ്റൈസേഷൻ പ്രക്രിയകൾക്കോ ഉള്ള ശുദ്ധജലത്തിന്റെ ലഭ്യത ക്ലിനിക്കിന്റെ പ്രവർത്തനസമയത്തിലുടനീളം നിലനിർത്തേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സി) ടോയ്‌ലറ്റുകളുടെ ശുചിത്വം പാലിക്കേണ്ടതാണ്.

(ഡി) എല്ലാ രോഗി പരിചരണ സ്ഥലങ്ങളും അണുനാശിനി ഉപയോഗിച്ച് ദിവസത്തിൽ ഒരിക്കലെങ്കിലും വൃത്തിയാക്കേണ്ടതാണ്.

(iv) സുരക്ഷാ പരിഗണനകൾ,— ക്ലിനിക്കുകൾരോഗിയുടെ സുരക്ഷയ്ക്കുള്ള എല്ലാ മുൻകരുതലുകളും എടുക്കേണ്ടതും കീടങ്ങളെയും കൊതുകുകളെയും ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(v) ബയോമെഡിക്കൽ മാലിന്യ സംസ്കരണം,— റെഗുലേറ്ററി മാർഗ്ഗ നിർദ്ദേശങ്ങൾക്കനുസൃതമായി മാലിന്യങ്ങൾ ശേഖരിക്കുകയും വേർതിരിക്കുകയും പായ്ക്ക് ചെയ്യുകയും കൊണ്ടുപോകുകയും സംസ്കരിക്കുകയും ചെയ്തിരിക്കേണ്ടതാണ്. കൂടാതെ മാലിന്യ സംസ്കരണം നിരന്തരം നിരീക്ഷിക്കപ്പെട്ടിരിക്കണം.

(vi) പ്രഥമശുശ്രൂഷ,—

(എ) പ്രഥമശുശ്രൂഷ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(ബി) അടിയന്തിര സാഹചര്യങ്ങളിൽ ആംബുലൻസ്, ആശുപത്രികൾ മുതലായവയുമായി ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ ലഭ്യമായിരിക്കണം.

## അനുബന്ധം 1

<u>അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത (ആവശ്യമായത്)</u>

(ചട്ടം 4 (3) (ii) കാണുക)

| നമ്പർ | സ്ഥാനം | ആവശ്യമായ ഏരിയ | അഭിപ്രായങ്ങൾ |
|---|---|---|---|
| 1 | കോമൺ ഏരിയ (റിസപ്ഷനും മരുന്ന് വിതരണവും) | 30 ചതുരശ്ര അടി | ആവശ്യത്തിന് വെളിച്ചവും വായുസഞ്ചാരവും ഉറപ്പാക്കുക. |
| 2 | കൺസൾട്ടേഷൻ റൂം | 40 ചതുരശ്ര അടി (വിതരണവും സംഭരണവും ഉൾപ്പെടെ) | മതിയായ വെളിച്ചവും വായുസഞ്ചാരവും സ്വകാര്യതയും ഉറപ്പാക്കുക. |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

കുറിപ്പ്:

1. റിസപ്ഷൻ, വെയ്റ്റിംഗ് റൂം, കൺസൾട്ടേഷൻ റൂം, സ്റ്റോറേജ് ഏരിയ മുതലായവ ക്ലിനിക്കിന്റെ ആവശ്യകതയും ജോലിഭാരവും അനുസരിച്ച് പര്യാപ്തമാണെന്ന് ഉറപ്പ് വരുത്തുക.

2. ഡിസ്പെൻസിംഗ് ഏരിയ കൺസൾട്ടിംഗ് ഏരിയയിൽ നിന്നും കാത്തിരിപ്പ് ഏരിയയിൽ നിന്നും വേർപെടുത്തി ഉറച്ച പാർട്ടീഷൻ ഉള്ളതാണെന്ന് ഉറപ്പ് വരുത്തുക.

**അനുബന്ധം 2**

ഫർണിച്ചറുകൾ

[ചട്ടം 4 (4) (ii) കാണുക]

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | കൺസൾട്ടേഷനുള്ള ടേബിൾ | 1 |
| 2 | ഡോക്ടർക്കുള്ള കസേര | 1 |
| 3 | വെയിറ്റിംഗ് ഏരിയയിൽ രോഗികൾക്കായുള്ള കസേരകൾ | ആവശ്യത്തിനനുസരിച്ച് |
| 4 | പരിചാരകർക്കുമുള്ള കസേരകൾ | ആവശ്യത്തിനനുസരിച്ച് |
| 5 | മരുന്ന് സംഭരണത്തിന് മതിയായ ഫർണിച്ചറുകൾ | ആവശ്യത്തിനനുസരിച്ച് |
| 6 | മരുന്ന് വിതരണത്തിന് മതിയായ ഫർണിച്ചറുകൾ | ആവശ്യത്തിനനുസരിച്ച് |
| 7 | സ്പെഷ്യാലിറ്റി സേവനങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ സൈനേജ് | ആവശ്യാനുസരണം |

**അനുബന്ധം 3**

സ്വകാര്യ ആശുപത്രികളുടെ മാനവ വിഭവശേഷി വിവരങ്ങൾ

[ചട്ടം 4 (5) (iv)കാണുക]

| നമ്പർ | പോസ്റ്റിന്റെ പേര് | മിനിമം ആവശ്യകത |
|---|---|---|
| 1 | ഡോക്ടർ | 1 |
| 2 | സഹായി | 0/1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 4

### ഉപകരണങ്ങൾ

[ചട്ടം 4 (6) (i)കാണുക]

| നമ്പർ | ഉപകരണത്തിന്റെ പേര് | മിനിമം സ്പെസിഫിക്കേഷൻ | ഉപകരണങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | സ്റ്റെതസ്കോപ്പ് | | 1 |
| 2 | തെർമോമീറ്റർ | | 1 |
| 3 | ടോർച്ച് | | 1 |
| 4 | സ്ഫിഗ്മോമാനോമീറ്റർ | | 1 |
| 5 | വെയ്യിംഗ് മെഷീൻ | | 1 |
| 6 | ക്നീ ഹാമ്മർ | | 1 |

## അനുബന്ധം 5

### രജിസ്റ്ററുകൾ

[ചട്ടം 4 (9) (i)കാണുക]

| നമ്പർ | രജിസ്റ്ററിന്റെ പേര് | എണ്ണം |
|---|---|---|
| 1 | ഒ.പി രജിസ്റ്റർ | 1 |
| 2 | മെഡിസിൻ രജിസ്റ്റർ | 1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 6

രോഗികളുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും. [ചട്ടം 4 (10) (i) (സി) കാണുക]

(i) ഒരു രോഗിക്കും അയാളുടെ പ്രതിനിധിക്കും ഇനിപ്പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

1. രോഗത്തിന്റെ സ്വഭാവം, കാരണം, നിർദ്ദിഷ്ട ഇൻവെസ്റ്റിഗേഷൻസും പരിചരണവും, ചികിത്സയുടെ പ്രതീക്ഷിക്കുന്ന ഫലങ്ങൾ, പ്രതീക്ഷിക്കുന്ന സങ്കീർണതകൾ, പ്രതീക്ഷിക്കുന്ന ചെലവുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അറിയാനുള്ള അവകാശം.

2. ചികിത്സയുടെ രഹസ്യസ്വഭാവം, അന്തസ്സ്, സ്വകാര്യത എന്നിവ നിലനിർത്താനുള്ള അവകാശം.

3. ഒരു സ്ത്രീ രോഗിയുടെ ശാരീരിക പരിശോധനയിൽ പുരുഷ ഡോക്ടർക്കൊപ്പം ഒരു സ്ത്രീയുടെ സാന്നിധ്യം ഉറപ്പാക്കുക.

4. എച്ച്.ഐ.വി പോലുള്ള അവസ്ഥയുടെ അടിസ്ഥാനത്തിൽ ചികിത്സയിലും പെരുമാറ്റത്തിലും വിവേചനം കാണിക്കാതിരിക്കുക.

5. റഫറൽ ആശുപത്രിയിലേക്ക് ഒരു റഫറൻസ് ആവശ്യമുള്ളപ്പോഴെല്ലാം റഫറൻസ് ലെറ്റർ നൽകേണ്ടതാണ്.

(ii) രോഗികളുടെ ഉത്തരവാദിത്തങ്ങൾ:—

1. ആരോഗ്യ സംബന്ധിയായ എല്ലാ വിവരങ്ങളും നൽകുക.

2. പരിശോധനയിലും ചികിത്സയിലും ഡോക്ടറുമായി സഹകരിക്കുക.

3. എല്ലാ നിർദ്ദേശങ്ങളും പാലിക്കുക.

4. ആശുപത്രികൾ നിശ്ചയിച്ച ഫീസ് കൃത്യസമയത്ത് അടയ്ക്കുക.

5. ഡോക്ടറുടെയും മറ്റ് ആശുപത്രി ജീവനക്കാരുടെയും അന്തസ്സിനെ മാനിക്കുക.

6. അക്രമത്തിൽ ഏർപ്പെടാതിരിക്കുക.

7. രോഗിയിൽ നിന്നോ കൂടെയുള്ളവരിൽ നിന്നോ മോശമായ പെരുമാറ്റം ഉണ്ടായാൽ നിയമനടപടികൾ നേരിടേണ്ടി വരുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

5. <u>റെജിമെൻ തെറാപ്പി ഉള്ള യുനാനി ക്ലിനിക്കുകൾ പാലിക്കേണ്ടതായ നിലവാരങ്ങൾ</u>:—റെജിമെൻ തെറാപ്പികൾ ഉള്ള യൂനാനി ക്ലിനിക്കുകൾ പാലിക്കേണ്ടതായ നിലവാരങ്ങൾ ചുവടെ ചേർക്കുന്നു; അതായത്:—

(1) **നിർവ്വചനം**:— റെജിമെൻ തെറാപ്പി ഉള്ള യുനാനി ക്ലിനിക്ക് എന്നാൽ രജിസ്റ്റർ ചെയ്ത യുനാനി മെഡിക്കൽ പ്രാക്ടീഷണർമാർ മുഖേന മരുന്ന് വിതരണം ചെയ്യൽ, അവശ്യ ചികിത്സാ രീതികൾ നൽകൽ എന്നിവ ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങളും കൂടാതെ വെനസെക്ഷൻ (ഫസ്ദ്), കൊമ്പ് വെക്കൽ (ഹിജാമ), ഉഴിച്ചിൽ (ദലക്) ഉൾപ്പെടെയുള്ള യൂനാനി കർമ്മ ചികിത്സകളും പരിശോധന, കുറിപ്പടി എന്നിവ നൽകുന്ന ഒരു ക്ലിനിക്കൽ സ്ഥാപനം എന്നർത്ഥമാകുന്നതും അതിൽ ബാൻഡേജിംഗ്, മുറിവ് ഡ്രെസ്സിംഗ്, തുന്നൽ, ഫോറിൻ ബോഡി എടുത്ത് കളയൽ, പ്രഥമശുശ്രൂഷ മുതലായവ പോലുള്ള ചെറിയ നടപടിക്രമങ്ങൾ കൂടാതെ കിടത്തിച്ചികിത്സ ആവശ്യമില്ലാത്ത മരുന്നുകൾ നൽകുന്ന പ്രവർത്തികൾ ഉൾപ്പെടുന്നതുമാണ്.

(ii) ഒരു രജിസ്ട്രേഡ് യുനാനി മെഡിക്കൽ പ്രാക്ടീഷണർക്ക് ഹിജാമ (വെറ്റ് കപ്പിംഗ്), ഫസ്ദ് (വെനസെക്ഷൻ), ഇർസാലെ അലഖ് (ലീച്ച് തെറാപ്പി) തുടങ്ങിയ യുനാനി റെജിമെൻ തെറാപ്പികൾ ചെയ്യാവുന്നതും ഒരു രജിസ്ട്രേഡ് യുനാനി മെഡിക്കൽ പ്രാക്ടീഷണറുടെ മേൽനോട്ടത്തിൽ ദലക് (മസാജ് തെറാപ്പി), ഇൻഖിബാബ് (സ്റ്റീം ബാത്ത്), നുത്തൂൽ (ഡൗച്ചിംഗ്) തുടങ്ങിയ യുനാനി റെജിമെൻ ചികിത്സകളും ചെയ്യാവുന്നതാണ്.

(iii) രജിസ്റ്റർ ചെയ്ത യുനാനി പ്രാക്ടീഷണറുടെ മേൽനോട്ടത്തിൽ ആയിരിക്കണം മരുന്ന് വിതരണം ചെയ്യേണ്ടത്.

(2) **വ്യാപ്തി**:—

(i) ഒന്നോ അതിലധികമോ ഫിസിഷ്യൻമാരാൽ രോഗികളുടെ പരിശോധന, മരുന്നുകൾ വിതരണം ചെയ്യൽ, അവശ്യ ചികിൽസാ രീതികൾ നൽകൽ എന്നിവ പോലുള്ള രോഗി പരിചരണ സേവനങ്ങൾ നൽകുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ;

(ii) ഒന്നോ അതിലധികമോ ഫിസിഷ്യൻമാരോ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റുകളോ മരുന്നുകൾ വിതരണം ചെയ്യുന്നതും അത്യാവശ്യമായ ചികിത്സാരീതികൾ ചെയ്യുന്നതുപോലുള്ള രോഗീപരിചരണ സേവനങ്ങൾ, പരിശോധന, കുറിപ്പടി നൽകൽ എന്നീ സേവനങ്ങൾ നൽകുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ;

(iii) ആരോഗ്യ വിദ്യാഭ്യാസം നൽകുകയും ആരോഗ്യ വിവരണവും രോഗ പ്രതിരോധത്തിനുമുള്ള ഉപദേശവും നൽകുന്നതിന് സൗകര്യമുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iv) ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ, എന്നിവയ്ക്കു് ഈ നിലവാരങ്ങൾ ബാധകമാണ്;

(v) താഴെ പറയുന്നവയിൽ ഒന്നോ അതിലധികമോ റെജിമെൻ ചികിത്സാരീതികൾ ഉൾക്കൊള്ളിക്കാം, അതായത്,—

(എ) കപ്പിംഗ് തെറാപ്പി — ഹിജാമ;

(ബി) ലീച്ച് തെറാപ്പി — ഇർസാലെ അലഖ്;

(സി) മസാജ് — ദലക്;

(ഡി) വെനിസെക്ഷൻ – ഫസ്ദ്;

(ഇ) സ്റ്റീം ബാത്ത് — ഇൻഖിബാബ്;

(എഫ്) ഡൗച്ചിംഗ് — നുത്തൂൽ;

(ജി) ടർക്കിഷ് ബാത്ത് — ഹമാം;

(എച്ച്) ഫൂട്ട് ബാത്ത് — പഷോയ;

(ഐ) സിറ്റ്സ് ബാത്ത് — അബ്സൻ;

(ജെ) കോട്ടറൈസേഷൻ — അമലെ കൈ;

(കെ) കത്തീറ്ററൈസേഷൻ — അമലെ കഷ്തീർ;

(എൽ) ഫ്യൂമിഗേഷൻ – ബുഖൂർ;

(എം) ഗാർഗ്ലിംഗ് — ഗർഗറ;

(എൻ) എനിമ – ഹുഖ്ന;

(ഒ) ഡൈയൂറിസിസ് — ഇദ്രാറെ ബൗൽ;

(പി) കൗണ്ടർ ഇറിട്ടേഷൻ – ഇമാല;

(ക്യു) പർഗേഷൻ – ഇസ്ഹാൽ;

(ആർ) ഇൻഹലേഷൻ – ലഖ്ലഖ;

(എസ്) എമെസിസ് — ഖൈ;

(റ്റി) എക്സർസൈസ് — റിയാസത്ത്;

(യു) നേസൽ അഡ്മിനിസ്ട്രേഷൻ ഓഫ് മെഡിസിൻ – സഊത്ത്;

(വി) അനോയ്ന്റിങ് ഐ വിത്ത് മെഡിസിൻ – ഷിയാഫ്;

(ഡബ്ല്യു) ഡയഫോറെസിസ് — തഅരീഖ്;

(എക്സ്) എക്സ്പെക്ടോറേഷൻ — തൻഫീസ്;

(വൈ) ഫോമെന്റേഷൻ — തക്മീദ്.

കുറിപ്പ്:— റെജിമെൻ തെറാപ്പികൾ ഉള്ള യൂനാനി ക്ലിനിക്കുകളിൽ ഹിജാമ തെറാപ്പി (കപ്പിംഗ് തെറാപ്പി), ഫസ്ദ് (വെനസെക്ഷൻ), ഇർസാലെ അലഖ് (ലീച്ച് തെറാപ്പി) തുടങ്ങിയ ഇൻവേസീവ് നടപടികൾ ഒരു രജിസ്റ്റേർഡ് യൂനാനി ഫിസിഷ്യൻ മാത്രമേ ചെയ്യാൻ അനുവാദമുള്ളൂ. കൂടാതെ മറ്റു റെജിമെൻ തെറാപ്പികളായ ദലക് (മസാജ് തെറാപ്പി), ഇൻഖിബാബ് (സ്റ്റീം ബാത്ത്), നുത്തൂൽ (ഡൗച്ചിംഗ്) പോലുള്ള യുനാനി റെജിമെൻ തെറാപ്പികൾ ഒരു രജിസ്റ്റർ ചെയ്ത യുനാനി മെഡിക്കൽ പ്രാക്ടീഷണറുടെ മേൽനോട്ടത്തിലും മാത്രമേ ചെയ്യുവാൻ പാടുള്ളൂ. സ്പെഷ്യലിസ്റ്റ്/സ്പെഷ്യാലിറ്റി എന്നത് യുനാനി ഫിസിഷ്യന്റെ വിദ്യാഭ്യാസ യോഗ്യതയെയല്ല, മറിച്ച് ഏത് സ്പെഷ്യാലിറ്റി രോഗാവസ്ഥയുമായി ബന്ധപ്പെട്ടാണ് ആ ക്ലിനിക്ക് പ്രവർത്തിക്കുന്നത് എന്നതിനെയാണ് സൂചിപ്പിക്കുന്നത്.

(3) **അടിസ്ഥാന സൗകര്യങ്ങൾ**:—

(i) രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ജീവനക്കാർക്കും സന്ദർശകർക്കും സുരക്ഷിതവുമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതാണ്. ഈ ക്ലിനിക്കൽ സ്ഥാപനം സ്ഥിതിചെയ്യേണ്ടത് വൃത്തിയുള്ള ചുറ്റുപാടുകളുള്ള ഒരു സ്ഥലത്ത് ആയിരിക്കുകയും അതത് കാലത്ത് സമയം പ്രാബല്യത്തിൽ ഉള്ള പ്രാദേശിക നിയമങ്ങൾ പാലിക്കേണ്ടതുമാണ്.

(ii) അടിസ്ഥാന പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ സ്ഥല ആവശ്യകതയും സൗകര്യങ്ങളും **അനുബന്ധം 13** പ്രകാരം ആയിരിക്കേണ്ടതാണ്.

(iii) ക്ലിനിക്കൽ സ്ഥാപനം നന്നായി പ്രകാശമുള്ളതും വായുസഞ്ചാരമുള്ളതും മതിയായ ജലവിതരണ സൗകര്യം ഉള്ളതും വൃത്തിയുള്ളതുമായ ഇടത്തായിരിക്കണം.

(iv)ക്ലിനിക്കിന്റെ ഗേറ്റിലോ കെട്ടിടത്തിലോ പ്രാദേശിക ഭാഷയിൽ ക്ലിനിക്കിന്റെ പേരും സ്ഥലത്തിന്റെ പേരും പ്രദർശിപ്പിക്കുന്ന ഒരു പ്രധാന ബോർഡോ സൈനേജോ ഉണ്ടായിരിക്കേണ്ടതാണ്.

(v) ഡോക്ടറുടെ പേരും രജിസ്ട്രേഷൻ നമ്പറും യോഗ്യതയും പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിച്ചിരിക്കണം.

(vi) ക്ലിനിക്കിന്റെ സമയവും ബന്ധപ്പെടാനുള്ള നമ്പറും പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിച്ചിരിക്കണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(vii) ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകുന്ന സേവനങ്ങൾ പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിച്ചിക്കണം.

(viii) ഇലാജ് ബി തദ്ബീർ തിയേറ്റർ നന്നായി പ്രകാശമുള്ളതും വൃത്തിയുള്ളതും മതിയായ ജലവിതരണമുള്ളതും ശുചിത്വമുള്ളതും ആയിരിക്കണം.

(4) **ഫർണ്ണിച്ചറുകൾ**:—ഫർണ്ണിച്ചർ ഇനങ്ങളുടെ സൂചക പട്ടിക അനുബന്ധം 8 -ൽ നൽകിയിട്ടുള്ളതാണ്.

(5) **മാനവ വിഭവശേഷി**:—

(i) യുനാനി ഡോക്ടർമാർ കേരള സംസ്ഥാന മെഡിക്കൽ കൗൺസിലിലോ കേന്ദ്ര മെഡിക്കൽ കൗൺസിലിലോ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്;

(ii) പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ ആയത് സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾക്കനുസൃതമായിരിക്കേണ്ടതാണ്:

(iii) ഡോക്ടർമാർ നൽകുന്ന സേവനങ്ങൾ അവരുടെ യോഗ്യതകൾക്ക് അനുസൃതമായിരിക്കേണ്ടതാണ്;

(iv) അടിസ്ഥാനപരമായി ആവശ്യമായ മാനവിക വിഭവശേഷി **അനുബന്ധം 15**-ൽ ചേർത്തിരിക്കുന്നു.

(6) **ഉപകരണങ്ങൾ, സാമഗ്രികൾ, മരുന്നുകൾ**:—

(i) ക്ലിനിക്കൽ സ്ഥാപനത്തിൽ അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ട ഉപകരണങ്ങളും സാമഗ്രികളും മരുന്നുകളും **അനുബന്ധം 16**-ൽ നൽകിയിട്ടുണ്ട്.

(ii) ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകുന്ന സേവനങ്ങളുടെ വ്യാപ്തി അനുസരിച്ചുള്ള മറ്റ് ഉപകരണങ്ങളും സാമഗ്രികളും ലഭ്യമായിരിക്കേണ്ടതാണ്;

(iii) എല്ലാ ഉപകരണങ്ങളും എല്ലായ്പ്പോഴും പ്രവർത്തനക്ഷമമായിരിക്കേണ്ടതും ഉപകരണങ്ങളുടെ ആനുകാലിക പരിശോധന, വൃത്തിയാക്കൽ, അറ്റകുറ്റപ്പണികൾ എന്നിവ നടത്തേണ്ടതുമാണ്.

(iv) യുനാനി ക്ലിനിക്കിൽ/ഡിസ്പെൻസറിയിൽ (മരുന്ന് വിതരണം ചെയ്യുന്നിടത്ത്) നിശിത രോഗങ്ങളുടെയും വിട്ടുമാറാത്ത രോഗങ്ങളുടെയും ചികിത്സയ്ക്കുള്ള അടിസ്ഥാന മരുന്നുകൾ ഉണ്ടായിരിക്കണം. എന്നിരുന്നാലും ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകുന്ന സേവനത്തിന്റെ വ്യാപ്തി അനുസരിച്ചുള്ള മറ്റ് മരുന്നുകളും ലഭ്യമായിരിക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

7. **പിന്തുണാ സേവനം:—**

(i) ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകി വരുന്ന സേവനങ്ങൾക്കനുസൃതമായ ഒന്നോ അതിലധികമോ സപ്പോർട്ട് സ്റ്റാഫ് ഉണ്ടായിരിക്കേണ്ടതാണ്.

(ii) ഉപകരണങ്ങളും മരുന്നുകളും സൂക്ഷിക്കുന്നതിന് മതിയായ ഇടം ഉണ്ടായിരിക്കണം. മരുന്നുനിർമ്മാതാക്കളുടെ മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാവുന്ന സാഹചര്യത്തിൽ മരുന്നുകൾ സൂക്ഷിക്കുന്നത് അവരുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കേണ്ടതാണ്. ക്ലിനിക്കൽ സ്ഥാപനത്തിന്റെ ജോലിഭാരം നിറവേറ്റുന്നതിനുള്ള മതിയായ ഉപകരണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(8) **നിയമപരമായ ആവശ്യകതകൾ:—**

(i) ഡോക്ടർമാർ കേന്ദ്ര മെഡിക്കൽ കൗൺസിലിലോ കേരള സംസ്ഥാന മെഡിക്കൽ കൗൺസിലിലോ രജിസ്ട്രേഷൻ ചെയ്തിരിക്കേണ്ടതാണ്;

(ii)ബയോമെഡിക്കൽമാലിന്യങ്ങൾറെഗുലേറ്ററിമാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ശേഖരിക്കുകയും വേർതിരിക്കുകയും പായ്ക്ക് ചെയ്യുകയും കൊണ്ടുപോകുകയും സംസ്കരിക്കുകയുംചെയ്യേണ്ടതാണ്.

(9) **റെക്കോർഡ് മെയിന്റനൻസും റിപ്പോർട്ടിംഗും:—**

(i) ഓരോ ക്ലിനിക്കൽ സ്ഥാപനവും ചികിത്സിച്ച രോഗികളുടെ മെഡിക്കൽ റെക്കോർഡുകളും അനുബന്ധം. 17 അനുസരിച്ച് ആരോഗ്യ വിവരങ്ങളും സ്ഥിതിവിവരക്കണക്കുകളും സൂക്ഷിച്ചിരിക്കുകയും അധികാരികൾ ആവശ്യപ്പെടുകയാണെങ്കിൽ അത് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്;

(ii) എല്ലാ രേഖകളുടെയും സ്ഥിതിവിവരക്കണക്കുകളുടെയും പകർപ്പുകൾ ഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചോ അല്ലെങ്കിൽ 2018- ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് അനുസരിച്ചോ ഒരു നിശ്ചിത കാലയളവിലേക്ക് ബന്ധപ്പെട്ട ക്ലിനിക്കൽ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.

(iii) എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും അടിയന്തരാവസ്ഥയിലോ ദുരന്തത്തിലോ പകർച്ചവ്യാധി സാഹചര്യത്തിലോ അല്ലെങ്കിൽ അധികാരികൾ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന സമയത്തോ വിവരങ്ങളുടെയും സ്ഥിതിവിവരക്കണക്കുകളുടെയും രേഖകൾ നൽകാൻ ബാധ്യസ്ഥരാണ്.

(10) **അടിസ്ഥാന പ്രക്രിയ:—**

(i) *രജിസ്ട്രേഷനും ഡോക്യുമെന്റേഷനും,—*

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(എ) ക്ലിനിക്ക് സന്ദർശിക്കുന്ന ഓരോ രോഗിയുടെയും വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുകയും രേഖപ്പെടുത്തുകയും വേണം;

(ബി) ഓരോ രോഗിയും പരിശോധനയ്ക്ക് വിധേയരാകുകയും തുടർന്ന് കണ്ടെത്തലുകൾ, പരിശോധന വിശദാംശങ്ങൾ, മരുന്ന്, ചികിത്സാ നടപടിക്രമങ്ങൾ എന്നിവ രോഗനിർണയത്തോടൊപ്പം രേഖപ്പെടുത്തേണ്ടതും തീയതിയും ഡോക്ടറുടെ ഒപ്പും സഹിതം കുറിപ്പടിയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്;

(സി) **അനുബന്ധം 12** പ്രകാരമുള്ള രോഗിയുടെ അവകാശങ്ങളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ച് രോഗിയെ ബോധവൽക്കരിക്കുകയും അറിയിക്കുകയും ചെയ്തിരിക്കേണ്ടതാണ്.

(ii) *മരുന്നുകളുടെ വിതരണം,—*

(എ) മരുന്നുകൾ വിതരണം ചെയ്യേണ്ടത് ഡോക്ടറുടെ മേൽനോട്ടത്തിൽ ആയിരിക്കേണ്ടതാണ്;

(ബി) ലഭ്യമായ എല്ലാ മരുന്നിനും ലേബലിംഗ് നടത്തണം. അതിൽ മരുന്നിന്റെ പേര്, ഡോസ്, ഉപയോഗ രീതി, കഴിക്കേണ്ട ആവൃത്തി, തയ്യാറാക്കുന്ന തീയതി എന്നിവ ഉൾപ്പെട്ടിരിക്കേണ്ടതാണ്;

(സി) മരുന്ന് നൽകുന്നതിന് മുമ്പ് നിർദ്ദേശിച്ച മരുന്നിന്റെ ഡോസ്, കാലാവധി തീരുന്ന തീയതി, നിർദ്ദേശിച്ച മരുന്നിന്റെ ലേബലുകൾ എന്നിവ പരിശോധിക്കേണ്ടതാണ്.

(iii) *അണുബാധ നിയന്ത്രണം,—*

(എ) കൈയുടെ ശുചിത്വം ഉൾപ്പെടെയുള്ള അണുബാധ നിയന്ത്രിക്കുന്നതിനുള്ള എല്ലാ മുൻകരുതലുകളും ക്ലിനിക്കൽ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതാണ്;

(ബി) കൈകഴുകുന്നതിനോ മറ്റ് സാനിറ്റൈസേഷൻ പ്രക്രിയകൾക്കോ ഉള്ള ശുദ്ധജലത്തിന്റെ ലഭ്യത ക്ലിനിക്കിന്റെ പ്രവർത്തനസമയത്തിലുടനീളം നിലനിർത്തണം;

(സി) ടോയ്‌ലറ്റുകൾ ലഭ്യമാണെങ്കിൽ അവയുടെ ശുചിത്വം പാലിക്കേണ്ടതാണ്;

(ഡി) എല്ലാ രോഗി പരിചരണ സ്ഥലങ്ങളും അണുനാശിനി ഉപയോഗിച്ച് ദിവസത്തിൽ ഒരിക്കലെങ്കിലും വൃത്തിയാക്കേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iv) സുരക്ഷാ പരിഗണനകൾ:— ക്ലിനിക്കുകൾ രോഗിയുടെ സുരക്ഷയ്ക്കുള്ള എല്ലാ മുൻകരുതലുകളും എടുക്കേണ്ടതും കീടങ്ങളെയും കൊതുകുകളെയും ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(v) ബയോമെഡിക്കൽ മാലിന്യ സംസ്കരണം:— റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാലിന്യങ്ങൾ ശേഖരിക്കുകയും വേർതിരിക്കുകയും പായ്ക്ക് ചെയ്യുകയും കൊണ്ടുപോകുകയും സംസ്കരിക്കുകയും ചെയ്തിരിക്കേണ്ടതാണ്. കൂടാതെ മാലിന്യ സംസ്കരണം നിരന്തരം നിരീക്ഷിക്കപ്പെട്ടിരിക്കേണ്ടതുമാണ്.

(vi) പ്രഥമശുശ്രൂഷ,—

(എ) പ്രഥമശുശ്രൂഷ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്;

(ബി) അടിയന്തിര സാഹചര്യങ്ങളിൽ ആംബുലൻസ്, ആശുപത്രികൾ മുതലായവയുമായി ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ ലഭ്യമായിരിക്കണം

## അനുബന്ധം 7

<u>അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത (ആവശ്യമായത്)</u>

[ചട്ടം 5 (3) (ii) കാണുക]

| നമ്പർ | സ്ഥാനം | ആവശ്യമായ ഏരിയ | അഭിപ്രായങ്ങൾ |
|---|---|---|---|
| 1 | കോമ്മൺ ഏരിയ (റിസപ്ഷനും മരുന്ന് വിതരണവും) | 30 ചതുരശ്ര അടി | ആവശ്യത്തിന് വെളിച്ചവും വായുസഞ്ചാരവും ഉറപ്പാക്കുക. |
| 2 | കൺസൾട്ടേഷൻ റൂം | 40 ചതുരശ്ര അടി (വിതരണവും സംഭരണവും ഉൾപ്പെടെ) | മതിയായ വെളിച്ചവും വായുസഞ്ചാരവും സ്വകാര്യതയും ഉറപ്പാക്കുക. |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

<u>കുറിപ്പ്</u>: 1. റിസപ്ഷൻ, വെയ്റ്റിംഗ് റൂം, കൺസൾട്ടേഷൻ റൂം, സ്റ്റോറേജ് ഏരിയ മുതലായവ ക്ലിനിക്കിന്റെ ആവശ്യകതയും ജോലിഭാരവും അനുസരിച്ച് പര്യാപ്തമാണെന്ന് ഉറപ്പ് വരുത്തുക.

2. ഡിസ്പെൻസിംഗ് ഏരിയ കൺസൾട്ടിംഗ് ഏരിയയിൽ നിന്നും കാത്തിരിപ്പ് ഏരിയയിൽ നിന്നും വേർപെടുത്തി ഉറച്ച പാർട്ടീഷൻ ഉള്ളതാണെന്ന് ഉറപ്പ് വരുത്തുക.

**അനുബന്ധം 8**

<u>ഫർണിച്ചറുകൾ</u>

ചട്ടം 5(4) കാണുക

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | കൺസൾട്ടേഷനുള്ള ടേബിൾ | 1 |
| 2 | ഡോക്ടർക്കുള്ള കസേര | 1 |
| 3 | വെയിറ്റിംഗ് ഏരിയയിൽ രോഗികൾക്കായുള്ള കസേരകൾ | 1 |
| 4 | രോഗികൾക്കും പരിചാരകർക്കുമുള്ള കസേരകൾ | 1 |
| 5 | മരുന്ന് സംഭരണത്തിന് മതിയായ ഫർണിച്ചറുകൾ | ലഭ്യത അനുസരിച്ച് |
| 6 | മരുന്ന് വിതരണത്തിന് മതിയായ ഫർണിച്ചറുകൾ | ലഭ്യത അനുസരിച്ച് |
| 7 | സ്പെഷ്യാലിറ്റി സേവനങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ സൈനേജ് | ആവശ്യാനുസരണം |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**അനുബന്ധം 9**

സ്വകാര്യ ആശുപത്രികളുടെ മാനവിക വിഭവശേഷി വിവരങ്ങൾ

[ചട്ടം 6 (5) (iv) കാണുക]

| നമ്പർ | പോസ്റ്റിന്റെ പേര് | മിനിമം ആവശ്യകത |
|---|---|---|
| 1 | ഡോക്ടർ | 1 |
| 2 | സഹായി | 0/1 |

**അനുബന്ധം 10**

ഉപകരണങ്ങൾ

[ചട്ടം 5 (6) (i) കാണുക]

| നമ്പർ | ഉപകരണത്തിന്റെ പേര് | മിനിമം സ്പെസിഫിക്കേഷൻ | ഉപകരണങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | സ്റ്റെതസ്കോപ്പ് | | 1 |
| 2 | തെർമോമീറ്റർ | | 1 |
| 3 | ടോർച്ച് | | 1 |
| 4 | സ്ഫിഗ്മോമാനോമീറ്റർ | | 1 |
| 5 | വെയ്റ്റിംഗ് മെഷീൻ | | 1 |
| 6 | നീ ഹാമ്മർ | | 1 |

**അനുബന്ധം 11**

രജിസ്റ്ററുകൾ

[ചട്ടം 5 (9) (i) കാണുക]

| നമ്പർ | രജിസ്റ്ററിന്റെ പേര് | എണ്ണം |
|---|---|---|
| 1 | ഒ.പി. രജിസ്റ്റർ | 1 |
| 2 | മെഡിസിൻ രജിസ്റ്റർ | 1 |
| 3 | റജിമെൻ തെറാപ്പി രജിസ്റ്റർ | 1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 12

<u>രോഗികളുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും</u>

[ചട്ടം 5 (10) (I) (സി) കാണുക]

1. ഒരു രോഗിക്കും അയാളുടെ പ്രതിനിധിക്കും ഇനിപ്പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

(1) രോഗത്തിന്റെ സ്വഭാവം, കാരണം, നിർദ്ദിഷ്ട ഇൻവെസ്റ്റിഗേഷൻസും പരിചരണവും, ചികിത്സയുടെ പ്രതീക്ഷിക്കുന്ന ഫലങ്ങൾ, പ്രതീക്ഷിക്കുന്ന സങ്കീർണതകൾ, പ്രതീക്ഷിക്കുന്ന ചെലവുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അറിയാനുള്ള അവകാശം.

(2) ചികിത്സയുടെ രഹസ്യസ്വഭാവം, അന്തസ്സ്, സ്വകാര്യത എന്നിവ നിലനിർത്താനുള്ള അവകാശം.

(3) ഒരു സ്ത്രീ രോഗിയുടെ ശാരീരിക പരിശോധനയിൽ പുരുഷ ഡോക്ടർക്കൊപ്പം ഒരു സ്ത്രീയുടെ സാന്നിധ്യം ഉറപ്പാക്കുക.

(4) എച്ച്ഐവി പോലുള്ള അവസ്ഥയുടെ അടിസ്ഥാനത്തിൽ ചികിത്സയിലും പെരുമാറ്റത്തിലും വിവേചനം കാണിക്കാതിരിക്കുക.

(5) റഫറൽ ആശുപത്രിയിലേയ്ക്ക് ഒരു റഫറൻസ് ആവശ്യമുള്ളപ്പോഴെല്ലാം, റഫറൻസ് ലെറ്റർ നൽകേണ്ടതാണ്.

**രോഗികളുടെ ഉത്തരവാദിത്തങ്ങൾ:**

1. ആരോഗ്യ സംബന്ധിയായ എല്ലാ വിവരങ്ങളും നൽകുക.

2. പരിശോധനയിലും ചികിത്സയിലും ഡോക്ടറുമായി സഹകരിക്കുക.

3. എല്ലാ നിർദ്ദേശങ്ങളും പാലിക്കുക.

4. ആശുപത്രികൾ സമ്മതിച്ച ഫീസ് കൃത്യസമയത്ത് അടയ്ക്കുക.

5. ഡോക്ടറുടെയും മറ്റ് ആശുപത്രി ജീവനക്കാരുടെയും അന്തസ്സിനെ മാനിക്കുക.

6. അക്രമത്തിൽ ഏർപ്പെടാതിരിക്കുക. രോഗിയിൽ നിന്നോ കൂടെയുള്ളവരിൽ നിന്നോ മോശമായ പെരുമാറ്റം ഉണ്ടായാൽ നിയമനടപടികൾ നേരിടേണ്ടി വരുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

6. <u>യൂനാനി സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ പാലിക്കേണ്ടതായ നിലവാരങ്ങൾ</u>.—യൂനാനി സ്പെഷ്യാലിറ്റി ക്ലിനിക്കുകൾ പാലിക്കേണ്ടതായ നിലവാരങ്ങൾ ചുവടെ ചേർക്കുന്നു, അതായത്:—

(1) **നിർവ്വചനം**:—

(i) ഒന്നോ അതിലധികമോ സ്പെഷ്യാലിറ്റി അല്ലെങ്കിൽ വ്യത്യസ്ത സ്പെഷ്യാലിറ്റികളിലെ ഡോക്ടർമാരുള്ളതും ഒരു പ്രത്യേക രോഗമോ രോഗവിഭാഗമോ കൈകാര്യം ചെയ്യുകയും പരിശോധന, കുറിപ്പടി എന്നിവ നൽകുകയും മരുന്നുകൾ വിതരണം ചെയ്യുകയും ചെയ്യുന്ന ഒരു ക്ലിനിക്കൽ സ്ഥാപനത്തെ യൂനാനി സ്പെഷ്യാലിറ്റി സെന്റർ എന്ന് നിർവച്ചിക്കാവുന്നതാണ്. അതിൽ ബാൻഡേജിംഗ്, മുറിവ് ഡ്രസ്സിംഗ്, തുന്നൽ, ഫോറിൻ ബോഡി എടുത്ത് കളയൽ, പ്രഥമശുശ്രൂഷ മുതലായവ പോലുള്ള ചെറിയ നടപടിക്രമങ്ങൾ കൂടാതെ കിടത്തിച്ചികിത്സ ആവശ്യമില്ലാത്ത മരുന്നുകൾ നൽകുകയും ചെയ്യുന്ന പ്രവർത്തികൾ ഉൾപ്പെടുന്നതും ആകുന്നു;

(ii) രജിസ്റ്റർ ചെയ്ത യുനാനി പ്രാക്ടീഷണറുടെ മേൽനോട്ടത്തിലാണ് മരുന്ന് വിതരണം ചെയ്യുന്നത്.

(2) **വ്യാപ്തി:—**

(i) ഒന്നോ അതിലധികമോ ഫിസിഷൻമാരാൽ രോഗികളുടെ പരിശോധന, മരുന്നുകൾ വിതരണം ചെയ്യൽ, അവശ്യ ചികിൽസാ രീതികൾ നൽകൽ എന്നിവ പോലുള്ള രോഗി പരിചരണ സേവനങ്ങൾ നൽകുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ.,

(ii) ഒന്നോ അതിലധികമോ ഫിസിഷ്യൻമാരോ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റുകളോ മരുന്നുകൾ വിതരണം ചെയ്യുന്നതും അത്യാവശ്യമായ ചികിത്സാരീതികൾ ചെയ്യുന്നതുപോലുള്ള രോഗീപരിചരണ സേവനങ്ങൾ, പരിശോധന, കുറിപ്പടി നൽകൽ, എന്നീ സേവനങ്ങൾ നൽകുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ.,

(iii) ആരോഗ്യ വിദ്യാഭ്യാസം നൽകുകയും ആരോഗ്യ വിവരണവും രോഗ പ്രതിരോധത്തിനുമുള്ള ഉപദേശവും നൽകുന്നതിനു സൗകര്യമുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ;

(iv) ആരോഗ്യ സേവനങ്ങൾ നൽകുന്നതിനുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ, എന്നിവയ്ക്ക് ഈ നിലവാരങ്ങൾ ബാധകമാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(v) ഇനിപ്പറയുന്നവയിൽ ഏതെങ്കിലും ഒന്നോ അതിലധികമോ സ്പെഷ്യാലിറ്റികൾ ഉൾക്കൊള്ളിക്കാവുന്നതാണ്, അതായത്,—

(എ) ഡെർമറ്റോളജി;

(ബി) ഇഎൻടി;

(സി) ഡെന്റൽ;

(ഡി) ഒഫ്താൽമോളജി;

(ഇ) ഓർത്തോപീഡിക്സ്;

(എഫ്) വൂണ്ട് മാനേജ്മെന്റ് ഓങ്കോളജി ഗൈനക്കോളജി പീഡിയാട്രിക് റൂമറ്റോളജി ന്യൂറോളജി കോസ്മെറ്റോളജി സൈക്യാട്രി ഡയബറ്റോളജി;

(ജി) മുഖവ്വി ഇലാജ്/പുനരുജ്ജീവന ചികിത്സകൾ;

(എച്ച്) ജീവിതശൈലി രോഗങ്ങൾ;

(ഐ) ആരോഗ്യം അല്ലെങ്കിൽ പ്രതിരോധം;

(ജെ) ജെറിയാട്രിക്സ്;

(കെ) ഗ്യാസ്ട്രോഎൻട്രോളജി യൂറോളജി ഇലാജ് ബി തദ്ബീർ / യുനാനി റെജിമെൻ തെറാപ്പി സ്പോർട്സ് മെഡിസിൻ സാന്ത്വന പരിചരണ ചികിത്സ;

(എൽ) സ്ത്രീ സംരക്ഷണം;

(എം) മാതൃ പരിചരണം സ്പോർട്സ് മെഡിസിൻ വന്ധ്യത;

(എൻ) കൂടാതെ യുനാനി റെജിമെൻ തെറാപ്പികളായ;

(1) കപ്പിംഗ് തെറാപ്പി — ഹിജാമ;

(2) ലീച്ച് തെറാപ്പി — ഇർസാലെ അലഖ്;

(3) മസാജ് — ദലക്;

(4) വെനിസെക്ഷൻ – ഫസ്ദ്;

(5) സ്റ്റീം ബാത്ത് — ഇൻഖിബാബ്;

(6) ഡൗച്ചിംഗ് — നുത്തൂൽ;

(7) ടർക്കിഷ് ബാത്ത് — ഹമാം;

(8) ഫൂട്ട് ബാത്ത് — പഷോയ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(9) സിറ്റ്സ് ബാത്ത് — അബ്സൻ;

(10) കോട്ടറൈസേഷൻ — അമലെ കൈ;

(11) കത്തീറ്ററൈസേഷൻ — അമലെ കഷ്തീർ;

(12) ഫ്യൂമിഗേഷൻ – ബുഖൂർ;

(13) ഗാർഗ്ലിംഗ് — ഗർഗറ;

(14) എനിമ – ഹുഖ്ന;

(15) ഡൈയൂറിസിസ് — ഇദ്രാറെ ബൗൽ;

(16) കൗണ്ടർ ഇറിട്ടേഷൻ – ഇമാല;

(17) പർഗേഷൻ – ഇസ്ഹാൽ;

(18) ഇൻഹലേഷൻ – ലഖ്ലഖ;

(19) എമെസിസ് — ഖൈ;

(20) എക്സർസൈസ് — റിയാസത്ത്;

(21) നേസൽ അഡ്മിനിസ്ട്രേഷൻ ഓഫ് മെഡിസിൻ – സഊത്ത്;

(22) അനോയ്ന്റിങ് ഐ വിത്ത് മെഡിസിൻ – ഷിയാഫ്;

(23) ഡയഫോറെസിസ് — തഅരീഖ്;

(24) എക്സ്പെക്ടോറേഷൻ — തൻഫീസ്;

(25) ഫോമെന്റേഷൻ — തക്മീദ്.

ഉൾപ്പെടുന്നു.

കുറിപ്പ്: റെജിമെൻ തെറാപ്പികൾ ഉള്ള യൂനാനി ക്ലിനിക്കുകളിൽ ഹിജാമ തെറാപ്പി (കപ്പിംഗ് തെറാപ്പി), ഫസ്ദ് (വെനസെക്ഷൻ), ഇർസാലെ അലഖ് (ലീച്ച് തെറാപ്പി) തുടങ്ങിയ ഇൻവേസീവ് നടപടികൾ ഒരു രജിസ്റ്റേർഡ് യൂനാനി ഫിസിഷ്യൻ മാത്രമേ ചെയ്യാൻ അനുവാദമുള്ളൂ. കൂടാതെ മറ്റു റെജിമെൻ തെറാപ്പികളായ ദലക് (മസാജ് തെറാപ്പി), ഇൻഖിബാബ് (സ്റ്റീം ബാത്ത്), നുത്തൂൽ (ഡൗച്ചിംഗ്) പോലുള്ള യൂനാനി റെജിമെൻ തെറാപ്പികൾ ഒരു രജിസ്റ്റർ ചെയ്ത യൂനാനി മെഡിക്കൽ പ്രാക്ടീഷണറുടെ മേൽനോട്ടത്തിലും മാത്രമേ ചെയ്യുവാൻ പാടുള്ളു. സ്പെഷ്യലിസ്റ്റ് / സ്പെഷ്യാലിറ്റി എന്നത് യുനാനി ഫിസിഷ്യന്റെ വിദ്യാഭ്യാസ യോഗ്യതയെയല്ല, മറിച്ച് ഏത് സ്പെഷ്യാലിറ്റി രോഗാവസ്ഥയുമായി ബന്ധപ്പെട്ടാണ് ആ ക്ലിനിക്ക് പ്രവർത്തിക്കുന്നത് എന്നതിനെയാണ് സൂചിപ്പിക്കുന്നത്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(3) **അടിസ്ഥാന സൗകര്യങ്ങൾ:—**

(i) രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ജീവനക്കാർക്കും സന്ദർശകർക്കും സുരക്ഷിതവുമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതാണ്. ഈ ക്ലിനിക്കൽ സ്ഥാപനം സ്ഥിതിചെയ്യേണ്ടത് വൃത്തിയുള്ള ചുറ്റുപാടുകളുള്ള ഒരു സ്ഥലത്ത് ആയിരിക്കുകയും അതത് കാലത്ത് പ്രാബല്യത്തിൽ ഉള്ളപ്രാദേശിക നിയമങ്ങൾ പാലിക്കേണ്ടതുമാണ്.

(ii) അടിസ്ഥാന പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ സ്ഥല ആവശ്യകതയും സൗകര്യങ്ങളും **അനുബന്ധം 13** പ്രകാരം ആയിരിക്കേണ്ടതാണ്.

(iii) ക്ലിനിക്കൽ സ്ഥാപനം നന്നായി പ്രകാശമുള്ളതും വായുസഞ്ചാരമുള്ളതും മതിയായ ജലവിതരണ സൗകര്യം ഉള്ളതും വൃത്തിയുള്ളതുമായ സ്ഥലത്തായിരിക്കണം.

(iv) ക്ലിനിക്കിന്റെ ഗേറ്റിലോ കെട്ടിടത്തിലോ പ്രാദേശിക ഭാഷയിൽ ക്ലിനിക്കിന്റെ പേരും സ്ഥലത്തിന്റെ പേരും പ്രദർശിപ്പിക്കുന്ന ഒരു പ്രധാന ബോർഡോ സൈനേജോ ഉണ്ടായിരിക്കേണ്ടതാണ്.

(v) ഡോക്ടറുടെ പേരും രജിസ്ട്രേഷൻ നമ്പറും യോഗ്യതയും പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിച്ചിരിക്കണം.

(vi) ക്ലിനിക്കിന്റെ സമയവും ബന്ധപ്പെടാനുള്ള നമ്പറും പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിച്ചിരിക്കണം.

(vii) ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകുന്ന സേവനങ്ങൾ പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിച്ചിരിക്കണം.

(viii) ഇലാജ് ബി തദ്ബീർ തിയേറ്റർ നന്നായി പ്രകാശമുള്ളതും വൃത്തിയുള്ളതും മതിയായ ജലവിതരണമുള്ളതും ശുചിത്വമുള്ളതും ആയിരിക്കണം.

(4) **ഫർണിച്ചറുകൾ:—** ഫർണിച്ചർ ഇനങ്ങളുടെ സൂചന പട്ടിക **അനുബന്ധം 14**-ൽ നൽകിയിട്ടുണ്ട്.

(5) **മാനവ വിഭവശേഷി:—**

(i) യുനാനി ഡോക്ടർമാർ കേരള സംസ്ഥാന മെഡിക്കൽ കൗൺസിലിലോ കേന്ദ്ര മെഡിക്കൽ കൗൺസിലിലോ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്;

(ii) പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ ആയത് സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾക്കനുസൃതമായിരിക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iii) ഡോക്ടർമാർ നൽകുന്ന സേവനങ്ങൾ അവരുടെ യോഗ്യതകൾക്ക് അനുസൃതമായിരിക്കേണ്ടതാണ്;

(iv) അടിസ്ഥാനപരമായി ആവശ്യമായ മാനവിക വിഭവശേഷി **അനുബന്ധം 15-**ൽ ചേർത്തിരിക്കുന്നു.

(6) **ഉപകരണങ്ങൾ, സാമഗ്രികൾ, മരുന്നുകൾ:—**

(i) ക്ലിനിക്കൽ സ്ഥാപനത്തിൽ അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ട ഉപകരണങ്ങളും സാമഗ്രികളും മരുന്നുകളും **അനുബന്ധം 16-**ൽ നൽകിയിട്ടുണ്ട്;

(ii) ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകുന്ന സേവനങ്ങളുടെ വ്യാപ്തി അനുസരിച്ചുള്ള മറ്റ് ഉപകരണങ്ങളും സാമഗ്രികളും ലഭ്യമായിരിക്കേണ്ടതാണ്;

(iii) എല്ലാ ഉപകരണങ്ങളും എല്ലായ്പ്പോഴും പ്രവർത്തനക്ഷമമായിരിക്കേണ്ടതും ഉപകരണങ്ങളുടെ ആനുകാലിക പരിശോധന, വൃത്തിയാക്കൽ, അറ്റകുറ്റപ്പണികൾ എന്നിവ നടത്തേണ്ടതുമാണ്;

(iv) യുനാനി ക്ലിനിക്കിൽ/ഡിസ്പെൻസറിയിൽ (മരുന്ന് വിതരണം ചെയ്യുന്നിടത്ത്) നിശിത രോഗങ്ങളുടെയും വിട്ടുമാറാത്ത രോഗങ്ങളുടെയും ചികിത്സയ്ക്കുള്ള അടിസ്ഥാന മരുന്നുകൾ ഉണ്ടായിരിക്കണം. എന്നിരുന്നാലും ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകുന്ന സേവനത്തിന്റെ വ്യാപ്തി അനുസരിച്ചുള്ള മറ്റ് മരുന്നുകളും ലഭ്യമായിരിക്കേണ്ടതാണ്.

(7) **പിന്തുണാ സേവനം:—**

(i) ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകി വരുന്ന സേവനങ്ങൾക്കനുസൃതമായ ഒന്നോ അതിലധികമോ സപ്പോർട്ട് സ്റ്റാഫ് ഉണ്ടായിരിക്കേണ്ടതാണ്;

(ii) ഉപകരണങ്ങളും മരുന്നുകളും സൂക്ഷിക്കുന്നതിന് മതിയായ ഇടം ഉണ്ടായിരിക്കണം. മരുന്നുനിർമ്മാതാക്കളുടെ മാനദണ്ഡങ്ങൾ ലഭ്യമാകുന്ന സാഹചര്യത്തിൽ മരുന്നുകൾ സൂക്ഷിക്കുന്നത് അവരുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണം. ക്ലിനിക്കൽ സ്ഥാപനത്തിന്റെ ജോലിഭാരം നിറവേറ്റുന്നതിനുള്ള മതിയായ ഉപകരണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(8) **നിയമപരമായ ആവശ്യകതകൾ:—**

(i) ഡോക്ടർമാർ കേന്ദ്ര മെഡിക്കൽ കൗൺസിലിലോ കേരള സംസ്ഥാന മെഡിക്കൽ കൗൺസിലിലോ രജിസ്ട്രേഷൻ ചെയ്തിരിക്കേണ്ടതാണ്;

(ii) ബയോ മെഡിക്കൽ മാലിന്യങ്ങൾ റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ശേഖരിക്കുകയും വേർതിരിക്കുകയും പായ്ക്ക് ചെയ്യുകയും കൊണ്ടുപോകുകയും സംസ്കരിക്കുകയും ചെയ്യേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(9) **റിക്കാർഡ് മെയിന്റനൻസും റിപ്പോർട്ടിംഗും:—**

(i) ഓരോ ക്ലിനിക്കൽ സ്ഥാപനവും ചികിത്സിച്ച രോഗികളുടെ മെഡിക്കൽ റെക്കോർഡുകളും അനുബന്ധം. 17 അനുസരിച്ച് ആരോഗ്യ വിവരങ്ങളും സ്ഥിതിവിവരക്കണക്കുകളും സൂക്ഷിച്ചിരിക്കുകയും അധികാരികൾ ആവശ്യപ്പെടുകയാണെങ്കിൽ അത് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്;

(ii) എല്ലാ രേഖകളുടെയും സ്ഥിതിവിവരക്കണക്കുകളുടെയും പകർപ്പുകൾ ഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചോ അല്ലെങ്കിൽ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് അനുസരിച്ചോ ഒരു നിശ്ചിത കാലയളവിലേക്ക് ബന്ധപ്പെട്ട ക്ലിനിക്കൽ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്;

(iii) എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും അടിയന്തരാവസ്ഥയിലോ ദുരന്തത്തിലോ പകർച്ചവ്യാധി സാഹചര്യത്തിലോ അല്ലെങ്കിൽ അധികാരികൾ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന സമയത്തോ വിവരങ്ങളുടെയും സ്ഥിതിവിവരക്കണക്കുകളുടെയും രേഖകൾ നൽകാൻ ബാധ്യസ്ഥരാണ്.

(10) **അടിസ്ഥാന പ്രക്രിയ**:—

(i) *രജിസ്ട്രേഷനും ഡോക്യുമെന്റേഷനും,—*

(എ) ക്ലിനിക്ക് സന്ദർശിക്കുന്ന ഓരോ രോഗിയുടെയും വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുകയും രേഖപ്പെടുത്തുകയും വേണം;

(ബി) ഓരോ രോഗിയും പരിശോധനയ്ക്ക് വിധേയരാകുകയും തുടർന്ന് കണ്ടെത്തലുകൾ, പരിശോധന വിശദാംശങ്ങൾ, മരുന്ന്, ചികിത്സാ നടപടിക്രമങ്ങൾ എന്നിവ രോഗനിർണയത്തോടൊപ്പം രേഖപ്പെടുത്തേണ്ടതും തീയതിയും ഡോക്ടറുടെ ഒപ്പും സഹിതം കുറിപ്പടിയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്;

(സി) **അനുബന്ധം 18** പ്രകാരമുള്ള രോഗിയുടെ അവകാശങ്ങളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ച് രോഗിയെ ബോധവൽക്കരിക്കുകയും അറിയിക്കുകയും ചെയ്തിരിക്കേണ്ടതാണ്.

(ii) *മരുന്നുകളുടെ വിതരണം,—*

(എ) മരുന്നുകൾ വിതരണം ചെയ്യേണ്ടത് ഡോക്ടറുടെ മേൽനോട്ടത്തിൽ ആയിരിക്കേണ്ടതാണ്;

(ബി) ലഭ്യമായ എല്ലാ മരുന്നിനും ലേബലിംഗ് നടത്തണം. അതിൽ മരുന്നിന്റെ പേര്, ഡോസ്, ഉപയോഗ രീതി, കഴിക്കേണ്ട ആവൃത്തി, തയ്യാറാക്കുന്ന തീയതി എന്നിവ ഉൾപ്പെട്ടിരിക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(സി) മരുന്ന് നൽകുന്നതിന് മുമ്പ് നിർദ്ദേശിച്ച മരുന്നിന്റെ ഡോസ്, കാലാവധി തീരുന്ന തീയതി, നിർദ്ദേശിച്ച മരുന്നിന്റെ ലേബലുകൾ എന്നിവ പരിശോധിക്കേണ്ടതാണ്.

(iii) *അണുബാധ നിയന്ത്രണം,—*

(എ) കൈയ്യുടെ ശുചിത്വം ഉൾപ്പെടെയുള്ള അണുബാധ നിയന്ത്രിക്കുന്നതിനുള്ള എല്ലാ മുൻകരുതലുകളും ക്ലിനിക്കൽ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതാണ്.

(ബി കൈകഴുകുന്നതിനോ മറ്റു സാനിറ്റൈസേഷൻ പ്രക്രിയകൾക്കോ ഉള്ള ശുദ്ധജലത്തിന്റെ ലഭ്യത ക്ലിനിക്കിന്റെ പ്രവർത്തനസമയത്തിലുടനീളം നിലനിർത്തണം.

(സി) ടോയ്‌ലറ്റുകൾ ലഭ്യമാണെങ്കിൽ അവയുടെ ശുചിത്വം പാലിക്കേണ്ടതാണ്.

(ഡി) എല്ലാ രോഗി പരിചരണ സ്ഥലങ്ങളും അണുനാശിനി ഉപയോഗിച്ച് ദിവസത്തിൽ ഒരിക്കലെങ്കിലും വൃത്തിയാക്കേണ്ടതാണ്.

(iv) *സുരക്ഷാ പരിഗണനകൾ,—* ക്ലിനിക്കുകൾ രോഗിയുടെ സുരക്ഷയ്ക്കുള്ള എല്ലാ മുൻകരുതലുകളും എടുക്കേണ്ടതും കീടങ്ങളെയും കൊതുകുകളെയും ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(v) *ബയോമെഡിക്കൽ മാലിന്യ സംസ്കരണം,—* റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാലിന്യങ്ങൾ ശേഖരിക്കുകയും വേർതിരിക്കുകയും പായ്ക്ക് ചെയ്യുകയും കൊണ്ടുപോകുകയും സംസ്കരിക്കുകയും ചെയ്തിരിക്കേണ്ടതാണ്. കൂടാതെ മാലിന്യ സംസ്കരണം നിരന്തരം നിരീക്ഷിക്കപ്പെട്ടിരിക്കേണ്ടതുമാണ്.

(vi) *പ്രഥമശുശ്രൂഷ,—*

(എ) പ്രഥമശുശ്രൂഷ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(ബി) അടിയന്തിര സാഹചര്യങ്ങളിൽ ആംബുലൻസ്, ആശുപത്രികൾ മുതലായവയുമായി ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ ലഭ്യമായിരിക്കണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**അനുബന്ധം 13**

<u>അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത (ആവശ്യമായത്)</u>

[ചട്ടം 6 (3) (ii) കാണുക]

| നമ്പർ | സ്ഥാനം | ആവശ്യമായ ഏരിയ | അഭിപ്രായങ്ങൾ |
|---|---|---|---|
| 1 | കോമ്മൺ ഏരിയ (റിസപ്ഷനും മരുന്ന് വിതരണവും) | 30 ചതുരശ്ര അടി | ആവശ്യത്തിന് വെളിച്ചവും വായുസഞ്ചാരവും ഉറപ്പാക്കുക. |
| 2 | കൺസൾട്ടേഷൻ റൂം | 40 ചതുരശ്ര അടി (വിതരണവും സംഭരണവും ഉൾപ്പെടെ) | മതിയായ വെളിച്ചവും വായുസഞ്ചാരവും സ്വകാര്യതയും ഉറപ്പാക്കുക. |

<u>കുറിപ്പ്</u>:

1. റിസപ്ഷൻ, വെയ്റ്റിംഗ് റൂം, കൺസൾട്ടേഷൻ റൂം, സ്റ്റോറേജ് ഏരിയ മുതലായവ ക്ലിനിക്കിന്റെ ആവശ്യകതയും ജോലിഭാരവും അനുസരിച്ച് പര്യാപ്തമാണെന്ന് ഉറപ്പ് വരുത്തുക.

2. ഡിസ്പെൻസിംഗ് ഏരിയ കൺസൾട്ടിംഗ് ഏരിയയിൽ നിന്നും കാത്തിരിപ്പ് ഏരിയയിൽ നിന്നും വേർപെടുത്തി ഉറച്ച പാർട്ടീഷൻ ഉള്ളതാണെന്ന് ഉറപ്പ് വരുത്തുക.

**അനുബന്ധം 14**

<u>ഫർണിച്ചറുകൾ</u>

[ചട്ടം 6 (4) കാണുക]

| നമ്പർ | ഇനം | എണ്ണം |
|---|---|---|
| 1 | കൺസൾട്ടേഷനുള്ള ടേബിൾ | 1 |
| 2 | ഡോക്ടർക്കുള്ള കസേര | 1 |
| 3 | വെയിറ്റിംഗ് ഏരിയയിൽ രോഗികൾക്കായുള്ള കസേരകൾ | 1 |
| 4 | രോഗികൾക്കും പരിചാരകർക്കുമുള്ള കസേരകൾ | 1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

| | | |
|---|---|---|
| 5 | മരുന്ന് സംഭരണത്തിന് മതിയായ ഫർണിച്ചറുകൾ | ലഭ്യത അനുസരിച്ച് |
| 6 | മരുന്ന് വിതരണത്തിന് മതിയായ ഫർണിച്ചറുകൾ | ലഭ്യത അനുസരിച്ച് |
| 7 | സ്പെഷ്യാലിറ്റി സേവനങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ സൈനേജ് | ആവശ്യാനുസരണം |

## അനുബന്ധം 15

സ്വകാര്യ ആശുപത്രികളുടെ മാനവ വിഭവശേഷി വിവരങ്ങൾ

[ചട്ടം 6 (5) (ii) കാണുക]

| നമ്പർ | പോസ്റ്റിന്റെ പേര് | മിനിമം ആവശ്യകത |
|---|---|---|
| 1 | ഡോക്ടർ | 1 |
| 2 | സഹായി | 0/1 |

## അനുബന്ധം 16

ഉപകരണങ്ങൾ

[ചട്ടം 6 (6) (i) കാണുക]

| നമ്പർ | ഉപകരണത്തിന്റെ പേര് | മിനിമം സ്പെസിഫിക്കേഷൻ | ഉപകരണങ്ങളുടെ എണ്ണം |
|---|---|---|---|
| 1 | സ്റ്റെതസ്കോപ്പ് | | 1 |
| 2 | തെർമോമീറ്റർ | | 1 |
| 3 | ടോർച്ച് | | 1 |
| 4 | സ്ഫിഗ്മോമാനോമീറ്റർ | | 1 |
| 5 | വെയ്റ്റിംഗ് മെഷീൻ | | 1 |
| 6 | നീ ഹാമ്മർ | | 1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**അനുബന്ധം 17**

രജിസ്റ്ററുകൾ

[ചട്ടം 6(9) (i) കാണുക]

| നമ്പർ | രജിസ്റ്ററിന്റെ പേര് | എണ്ണം |
|---|---|---|
| 1 | O.P ഒ.പി രജിസ്റ്റർ | 1 |
| 2 | മെഡിസിൻ രജിസ്റ്റർ | 1 |
| 3 | റജിമെൻ തെറാപ്പി രജിസ്റ്റർ | 1 |

**അനുബന്ധം 18**

രോഗികളുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും

[ചട്ടം 6 (9) (i) കാണുക]

ഒരു രോഗിക്കും അയാളുടെ പ്രതിനിധിക്കും ഇനിപ്പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

1. രോഗത്തിന്റെ സ്വഭാവം, കാരണം, നിർദ്ദിഷ്ട ഇന്വെസ്റ്റിഗേഷൻസും പരിചരണവും, ചികിത്സയുടെ പ്രതീക്ഷിക്കുന്ന ഫലങ്ങൾ, പ്രതീക്ഷിക്കുന്ന സങ്കീർണതകൾ, പ്രതീക്ഷിക്കുന്ന ചെലവുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അറിയാനുള്ള അവകാശം.

2. ചികിത്സയുടെ രഹസ്യസ്വഭാവം, അന്തസ്സ്, സ്വകാര്യത എന്നിവ നിലനിത്താനുള്ള അവകാശം.

3. ഒരു സ്ത്രീ രോഗിയുടെ ശാരീരിക പരിശോധനയിൽ പുരുഷ ഡോക്ടർക്കൊപ്പം ഒരു സ്ത്രീയുടെ സാന്നിധ്യം ഉറപ്പാക്കുക.

4. എച്ച്ഐവി പോലുള്ള അവസ്ഥയുടെ അടിസ്ഥാനത്തിൽ ചികിത്സയിലും പെരുമാറ്റത്തിലും വിവേചനം കാണിക്കാതിരിക്കുക.

5. റഫറൽ ആശുപത്രിയിലേയ്ക്ക് ഒരു റഫറൻസ് ആവശ്യമുള്ളപ്പോഴെല്ലാം, റഫറൻസ് ലെറ്റർ നൽകേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**രോഗികളുടെ ഉത്തരവാദിത്തങ്ങൾ:—**

1. ആരോഗ്യ സംബന്ധിയായ എല്ലാ വിവരങ്ങളും നൽകുക.

2. പരിശോധനയിലും ചികിത്സയിലും ഡോക്ടറുമായി സഹകരിക്കുക.

3. എല്ലാ നിർദ്ദേശങ്ങളും പാലിക്കുക.

4. ആശുപത്രികൾ സമ്മതിച്ച ഫീസ് കൃത്യസമയത്ത് അടയ്ക്കുക.

5. ഡോക്ടറുടെയും മറ്റ് ആശുപത്രി ജീവനക്കാരുടെയും അന്തസ്സിനെ മാനിക്കുക.

6. അക്രമത്തിൽ ഏർപ്പെടാതിരിക്കുക. രോഗിയിൽ നിന്നോ കൂടെയുള്ളവരിൽ നിന്നോ മോശമായ പെരുമാറ്റം ഉണ്ടായാൽ നിയമനടപടികൾ നേരിടേണ്ടി വരുന്നതാണ്.

7. <u>യൂനാനി ആശുപത്രികൾ പാലിക്കേണ്ടതായ നിലവാരങ്ങൾ.—</u>യൂനാനി ആശുപത്രികൾ പാലിക്കേണ്ടതായ നിലവാരങ്ങൾ ചുവടെ ചേർക്കുന്നു, അതായത്.—

(1) **നിർവ്വചനം**.—യൂനാനി ആശുപത്രി എന്നാൽ ഒന്നോഅതിലധികമോ രജിസ്റ്റർ ചെയ്ത യൂനാനി മെഡിക്കൽ പ്രാക്ടീഷണർ/സ്പെഷ്യലിസ്റ്റ് യൂനാനി ഡോക്ടർ ഉള്ള രോഗികളുടെ പരിശോധന/അഡ്മിറ്റ്, നിർദ്ദിഷ്ട ഭക്ഷണക്രമം, സപ്പോർട്ടീവ് സേവനങ്ങൾ എന്നിവയ്ക്കൊപ്പം ചികിത്സകൾ പൊതുവായതും പ്രത്യേകവുമായ ചികിത്സകൾ നൽകുന്ന ഒരു ക്ലിനിക്കൽ സ്ഥാപനം എന്ന് അർത്ഥമാകുന്നതും അവിടെഡോക്ടറുടെ മേൽനോട്ടത്തിലാണ് മരുന്ന് വിതരണം ചെയ്യുന്നതും.

(2) നൽകുന്ന പരിചരണത്തിന്റെ ഗ്രേഡിന്റെ അടിസ്ഥാനത്തിൽ യുനാനി ആശുപത്രികളെ ചുവടെ പറയുംപ്രകാരം ചേർത്തിരിക്കുന്നു. അതായത്.—

(i) *ഹോസ്പിറ്റൽ വിഭാഗം തരം ഒന്ന്*—25 കിടക്കകളിൽ താഴെയുള്ള ആശുപത്രികൾ:—

(എ) 25 കിടക്കകളിൽ താഴെയുള്ള ആശുപത്രികളെ താഴെപ്പറയും പ്രകാരം വേർതിരിക്കാവുന്നതാണ്.—

(1) ഹോസ്പിറ്റൽ ടൈപ്പ് 1 (എ), 1 മുതൽ 10 വരെ കിടക്കകളുള്ള ആശുപത്രികൾ,— ഒന്നോ അതിലധികമോ രജിസ്റ്റർ ചെയ്ത യൂനാനി മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് യൂനാനി ഡോക്ടർമാരുടെ പരിശോധന, കുറിപ്പടി, മരുന്ന് വിതരണം എന്നിവയും കിടപ്പുരോഗികൾക്ക് വേണ്ട ചികിത്സ സൗകര്യവും നൽകുന്നു;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(2) ഹോസ്പിറ്റൽ ടൈപ്പ് 1 (ബി), 11 മുതൽ 25 വരെ കിടക്കകളുള്ള ആശുപത്രികൾ.— രണ്ടോ അതിലധികമോ രജിസ്റ്റർ ചെയ്ത യൂനാനി മെഡിക്കൽ പ്രാക്ടീഷണർ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് യൂനാനി ഡോക്ടർ മുഖേന പരിശോധന, കൺസൾട്ടേഷൻ, കുറിപ്പടി, മരുന്ന് വിതരണം എന്നിവയും കിടപ്പുരോഗികൾക്ക് വേണ്ട ചികിത്സകളും നൽകുന്നു.

(ബി) ടൈപ്പ് 1 (എ) ടൈപ്പ് 1 (ബി) ആശുപത്രികളിൽ ഓർത്തോപീഡിക്സ്, ന്യൂറോളജി, വന്ധ്യത, സ്ത്രീ പരിചരണം, കൗമാരക്കാരുടെ ആരോഗ്യ സംരക്ഷണം, എൻ.സി.ഡി, തൈറോയ്ഡ് രോഗങ്ങൾ, റുമാറ്റിക് രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, അലർജി രോഗങ്ങൾ, ഓട്ടിസം പോലുള്ള വളർച്ച തകരാറുകൾ,സൈക്യാട്രി, ഡി-അഡിക്ഷൻ തുടങ്ങിയ സ്പെഷ്യാലിറ്റി സേവനങ്ങളും ഉൾപ്പെടുന്നതാണ്;

(സി) ഗവ. അംഗീകൃത ആരോഗ്യ പരിപാലന രീതികളായ ഫിസിയോതെറാപ്പി, കൗൺസിലിംഗ്. യൂനാനി റജിമെൻ തെറാപ്പികൾ എന്നിവ യോഗ്യതയുള്ള തെറാപ്പിസ്റ്റിന്റെയോ യൂനാനി ഡോക്ടറുടെയോ നേതൃത്വത്തിൽ ചെയ്യാവുന്നതാണ്;

(ഡി) ടൈപ്പ് 1(എ), ടൈപ്പ് 1(ബി) ഹോസ്പിറ്റലുകളിൽ അതാത് സേവനങ്ങൾക്കും ആശുപത്രിയിലെ അഡ്മിറ്റ് സൗകര്യങ്ങൾക്കും ആവശ്യമായ പിന്തുണാ സംവിധാനങ്ങളും ഉണ്ടായിരിക്കുന്നതാണ്.

(ii) *ഹോസ്പിറ്റൽ വിഭാഗം തരം രണ്ട്— 25 കിടക്കകൾ മുതൽ 50 കിടക്കകൾ വരെയുള്ള ആശുപത്രികൾ* .— മൂന്നോ അതിലധികമോ രജിസ്റ്റർ ചെയ്ത യൂനാനി മെഡിക്കൽ പ്രാക്ടീഷണർമാരോ സ്പെഷ്യലിസ്റ്റ് യൂനാനി ഡോക്ടർമാരോ മുഖേന പരിശോധന, കൺസൾട്ടേഷൻ, കുറിപ്പടി, മരുന്ന് വിതരണം എന്നിവയും ഔട്ട്പേഷ്യന്റ്സ്, ഇൻപേഷ്യന്റ്സ് എന്നിവരും കിടപ്പുരോഗികൾക്ക് ചികിത്സാ നടപടിക്രമങ്ങളും ആശുപത്രി സ്ഥാപനം നൽകുന്നു. സ്പെഷ്യാലിറ്റി സേവനങ്ങൾ ഓർത്തോപീഡിക്, ന്യൂറോളജിക്കൽ രോഗങ്ങൾ, വന്ധ്യത, സ്ത്രീ രോഗങ്ങൾ, കൗമാരക്കാരുടെ ആരോഗ്യ സംരക്ഷണം. എൻസിഡികൾ, തൈറോയ്ഡ് രോഗങ്ങൾ, റുമാറ്റിക് രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, അലർജി രോഗങ്ങൾ, ഓട്ടിസം പോലുള്ള വളർച്ചാതകരാറുകൾ, മാനസികരോഗം, ഡി-അഡിക്ഷൻ മുതലായവ ഗവ. അംഗീകൃത ആരോഗ്യ പരിപാലന രീതികളായ ഫിസിയോതെറാപ്പി, കൗൺസിലിംഗ്, യൂനാനി റെജിമെൻ തെറാപ്പി എന്നിവ യോഗ്യതയുള്ള തെറാപ്പിസ്റ്റിന്റെയോ യൂനാനി ഡോക്ടർമാരുടെയോ നേതൃത്വത്തിൽ ചെയ്യാവുന്നതാണ്;

(iii) *ഹോസ്പിറ്റൽ കാറ്റഗറി തരം മൂന്ന്—50 കിടക്കകളും അതിൽ കൂടുതലും.—* അഞ്ചോ അതിലധികമോ രജിസ്റ്റർ ചെയ്ത യൂനാനി മെഡിക്കൽ പ്രാക്ടീഷണർമാരോ സ്പെഷ്യലിസ്റ്റ് യൂനാനി ഡോക്ടർമാരോ മുഖേന പരിശോധന, കൺസൾട്ടേഷൻ, കുറിപ്പടി, മരുന്ന് വിതരണം എന്നിവയും ഔട്ട്പേഷ്യന്റ്സ്, ഇൻപേഷ്യന്റ്സ് എന്നിവരും കിടപ്പുരോഗികൾക്ക് ചികിത്സാ നടപടിക്രമങ്ങളും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ആശുപത്രി സ്ഥാപനം നൽകുന്നു. സ്പെഷ്യാലിറ്റി സേവനങ്ങൾ ഓർത്തോപീഡിക്, ന്യൂറോളജിക്കൽ രോഗങ്ങൾ, വന്ധ്യത, സ്ത്രീ രോഗങ്ങൾ, കൗമാരക്കാരുടെ ആരോഗ്യ സംരക്ഷണം, എൻസിഡികൾ, തൈറോയ്ഡ് രോഗങ്ങൾ, റുമാറ്റിക് രോഗങ്ങൾ, ത്വക്ക് രോഗങ്ങൾ, അലർജി രോഗങ്ങൾ, ഓട്ടിസം പോലുള്ള വളർച്ചാതകരാറുകൾ മാനസികരോഗം, ഡി-അഡിക്ഷൻ മുതലായവ ഗവ. അംഗീകൃത ആരോഗ്യ പരിപാലന രീതികളായ ഫിസിയോതെറാപ്പി, കൗൺസിലിംഗ്, യൂനാനി റെജിമെൻ തെറാപ്പി എന്നിവ യോഗ്യതയുള്ള തെറാപ്പിസ്റ്റിന്റെയോ യൂനാനി ഡോക്ടർമാരുടെയോ നേതൃത്വത്തിൽ ചെയ്യാവുന്നതാണ്..

(3) **വ്യാപ്തി**:—

(i) ഒന്നോ അതിലധികമോ ഫിസിഷ്യൻമാർ അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് യൂനാനി ഡോക്ടർമാരോ കൈകാര്യം ചെയ്യുന്ന ഔട്ട് പേഷ്യന്റ് കെയറും ഇൻപേഷ്യന്റ് കെയറും നൽകുന്ന ക്ലിനിക്കിന് ഈ പൊതു നിലവാരങ്ങൾ ബാധകമാണ്. ഒന്നോ അതിലധികമോ യൂനാനി ഫിസിഷ്യൻ, അല്ലെങ്കിൽ സ്പെഷ്യലിസ്റ്റ് യൂനാനി ഡോക്ടർ എന്നിവർക്ക് യുനാനി മരുന്നുകളും മറ്റു റെജിമെൻ തെറാപ്പികളും മുഖേന യോഗ്യരായ ജീവനക്കാരുടെ സഹായത്തോടെ പരിശോധന, കൺസൾട്ടേഷൻ, കുറിപ്പടി എന്നിവ നൽകുന്ന സ്ഥാപനങ്ങൾ.,

(ii) ആരോഗ്യ വിദ്യാഭ്യാസം നൽകുകയും ആരോഗ്യ വിവരണവും രോഗ പ്രതിരോധത്തിനുമുള്ള ഉപദേശവും നൽകൽ എന്നീ സേവനങ്ങൾ നൽകുന്ന സ്ഥാപനങ്ങൾ,

(iii) ആരോഗ്യ സേവനങ്ങൾ നൽകുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ഈ നിലവാരങ്ങൾ ബാധകമാണ്.

(iv) ഇനിപ്പറയുന്നവയിൽ ഏതെങ്കിലും ഒന്നോ അതിലധികമോ സ്പെഷ്യാലിറ്റികൾ ഉൾപ്പെടുത്തിയിട്ടുണ്ടാവുന്നതാകും, അതായത്,—

(എ) ഡെർമറ്റോളജി;

(ബി) ഇഎൻടി;

(സി) ഡെന്റൽ;

(ഡി) ഒഫ്താൽമോളജി;

(ഇ) ഓർത്തോപീഡിക്സ്;

(എഫ്) വൂണ്ട് മാനേജ്മെന്റ് ഓങ്കോളജി ഗൈനക്കോളജി പീഡിയാട്രിക് റൂമറ്റോളജി ന്യൂറോളജി കോസ്മെറ്റോളജി സൈക്യാട്രി ഡയബറ്റോളജി;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ജി) മുഖവ്വി ഇലാജ് / പുനരുജ്ജീവന ചികിത്സകൾ;

(എച്ച്) ജീവിതശൈലി രോഗങ്ങൾ;

(ഐ) ആരോഗ്യം അല്ലെങ്കിൽ പ്രതിരോധം;

(ജെ) ജെറിയാട്രിക്സ്;

(കെ) ഗ്യാസ്ട്രോഎൻട്രോളജി യൂറോളജി ഇലാജ് ബി തദ്ബീർ / യുനാനി റെജിമെൻ തെറാപ്പി സ്പോർട്സ് മെഡിസിൻ സാന്ത്വന പരിചരണ ചികിത്സ;

(എൽ) സ്ത്രീ സംരക്ഷണം;

(എം) മാതൃ പരിചരണം സ്പോർട്സ് മെഡിസിൻ വന്ധ്യത;

(എൻ) കൂടാതെ യുനാനി റെജിമെൻ തെറാപ്പികളായ;—

(1) കപ്പിംഗ് തെറാപ്പി — ഹിജാമ;

(2) ലീച്ച് തെറാപ്പി — ഇർസാലെ അലഖ്;

(3) മസാജ് — ദലക്;

(4) വെനിസെക്ഷൻ – ഫസ്ദ്;

(5) സ്റ്റീം ബാത്ത് — ഇൻഖിബാബ്;

(6) ഡൗച്ചിംഗ് — നുത്തൂൽ;

(7) ടർക്കിഷ് ബാത്ത് — ഹമാം;

(8) ഫൂട്ട് ബാത്ത് — പഷോയ;

(9) സിറ്റ്സ് ബാത്ത് — അബ്സൻ;

(10) കോട്ടറൈസേഷൻ — അമലെ കൈ;

(11) കത്തീറ്ററൈസേഷൻ — അമലെ കഷ്തീർ;

(12) ഫ്യൂമിഗേഷൻ – ബുഖൂർ;

(13) ഗാർഗ്ലിംഗ് — ഗർഗറ;

(14) എനിമ – ഹുഖ്ന;

(15) ഡൈയൂറിസിസ് — ഇദ്രാറെ ബൗൽ;

(16) കൗണ്ടർ ഇറിട്ടേഷൻ – ഇമാല;

(17) പർഗേഷൻ – ഇസ്ഹാൽ;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(18) ഇൻഹലേഷൻ – ലഖ്ലഖ;

(19) എമെസിസ് — ഖൈ;

(20) എക്സർസൈസ് — റിയാസത്ത്;

(21) നേസൽ അഡ്മിനിസ്ട്രേഷൻ ഓഫ് മെഡിസിൻ – സഊത്ത്;

(22) അനോയ്ന്റിങ് ഐ വിത്ത് മെഡിസിൻ – ഷിയാഫ്;

(23) ഡയഫോറെസിസ് — തഅരീഖ്;

(24) എക്സ്പെക്ടോറേഷൻ — തൻഫീസ്;

(25) ഫോമെന്റേഷൻ — തക്മീദ് എന്നിവയും ഉൾപ്പെടുന്നതാണ്.

കുറിപ്പ്: റെജിമെൻ തെറാപ്പികൾ ഉള്ള യൂനാനി ക്ലിനിക്കുകളിൽ ഹിജാമ തെറാപ്പി (കപ്പിംഗ് തെറാപ്പി), ഫസ്ദ് (വെനസെക്ഷൻ), ഇർസാലെ അലഖ് (ലീച്ച് തെറാപ്പി) തുടങ്ങിയ ഇൻവേസീവ് നടപടികൾ ഒരു രജിസ്റ്റേർഡ് യൂനാനി ഫിസിഷ്യൻ മാത്രമേ ചെയ്യാൻ അനുവാദമുള്ളൂ. കൂടാതെ മറ്റു റെജിമെൻ തെറാപ്പികളായ ദലക് (മസാജ് തെറാപ്പി), ഇൻഖ്വിബാബ് (സ്റ്റീം ബാത്ത്), നുത്തൂൽ (ഡൗച്ചിംഗ്) പോലുള്ള യുനാനി റെജിമെൻ തെറാപ്പികൾ ഒരു രജിസ്റ്റർ ചെയ്ത യുനാനി മെഡിക്കൽ പ്രാക്ടീഷണറുടെ മേൽനോട്ടത്തിലും മാത്രമേ ചെയ്യുവാൻ പാടുള്ളൂ. സ്പെഷ്യലിസ്റ്റ്/സ്പെഷ്യാലിറ്റി എന്നത് യുനാനി ഫിസിഷ്യന്റെ വിദ്യാഭ്യാസ യോഗ്യതയെയല്ല, മറിച്ച് ഏത് സ്പെഷ്യാലിറ്റി രോഗാവസ്ഥയുമായി ബന്ധപ്പെട്ടാണ് ആ ക്ലിനിക്ക് പ്രവർത്തിക്കുന്നത് എന്നതിനെയാണ് സൂചിപ്പിക്കുന്നത്.

(4) **അടിസ്ഥാന സൗകര്യങ്ങൾ:—**

(i) രോഗികൾക്കും അവരുടെ കൂട്ടിരിപ്പുകാർക്കും ജീവനക്കാർക്കും സന്ദർശകർക്കും സുരക്ഷിതവുമായ അന്തരീക്ഷം പ്രദാനം ചെയ്യുന്നതിനായുള്ള അടിസ്ഥാന സൗകര്യം വികസിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യേണ്ടതാണ്. ഈ ക്ലിനിക്കൽ സ്ഥാപനം സ്ഥിതിചെയ്യേണ്ടത് വൃത്തിയുള്ള ചുറ്റുപാടുകളുള്ള ഒരു സ്ഥലത്ത് ആയിരിക്കുകയും, അതാത് കാലത്ത് പ്രാബല്യത്തിൽ ഉള്ള പ്രാദേശിക നിയമങ്ങൾ പാലിക്കേണ്ടതുമാണ്.

(ii) അടിസ്ഥാന പ്രവർത്തനങ്ങൾ നിർവഹിക്കുന്നതിനുള്ള ഏറ്റവും കുറഞ്ഞ സ്ഥല ആവശ്യകതയും സൗകര്യങ്ങളും **അനുബന്ധം 14** പ്രകാരം ആയിരിക്കേണ്ടതാണ്.

(iii) ക്ലിനിക്കൽ സ്ഥാപനം നന്നായി പ്രകാശമുള്ളതും വായുസഞ്ചാരമുള്ളതും മതിയായ ജലവിതരണ സൗകര്യത്തോടും കൂടിയ വൃത്തിയുള്ളതുമായ സ്ഥലത്തായിരിക്കണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iv) ക്ലിനിക്കിന്റെ ഗേറ്റിലോ കെട്ടിടത്തിലോ പ്രാദേശിക ഭാഷയിൽ ക്ലിനിക്കിന്റെ പേരും സ്ഥലത്തിന്റെ പേരും പ്രദർശിപ്പിക്കുന്ന ഒരു പ്രധാന ബോർഡോ സൈനേജോ ഉണ്ടായിരിക്കേണ്ടതാണ്.

(v) ഡോക്ടറുടെ പേരും രജിസ്ട്രേഷൻ നമ്പറും യോഗ്യതയും പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിച്ചിരിക്കണം.

(vi) ക്ലിനിക്കിന്റെ സമയവും ബന്ധപ്പെടാനുള്ള നമ്പറും പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിച്ചിരിക്കണം.

(vii) ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകുന്ന സേവനങ്ങൾ പ്രാദേശിക ഭാഷയിൽ പ്രദർശിപ്പിച്ചിരിക്കണം.

(viii) ഇലാജ് ബി തദ്ബീർ തിയേറ്റർ നന്നായി പ്രകാശമുള്ളതും വൃത്തിയുള്ളതും മതിയായ ജലവിതരണമുള്ളതും ശുചിത്വമുള്ളതും ആയിരിക്കണം.

(5) **ഫർണിച്ചറുകൾ:—** ഫർണിച്ചർ ഇനങ്ങളുടെ സൂചന പട്ടിക **അനുബന്ധം 20**-ൽ നൽകിയിട്ടുള്ളതാണ്.

(6) **മാനവ വിഭവശേഷി:—**

(i) യുനാനി ഡോക്ടർമാർ കേരള സംസ്ഥാന മെഡിക്കൽ കൗൺസിലിലോ കേന്ദ്ര മെഡിക്കൽ കൗൺസിലിലോ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാണ്;

(ii) പൊതുമേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ ആയത് സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾക്കനുസൃതമായിരിക്കേണ്ടതാണ്.

(iii) ഡോക്ടർമാർ നൽകുന്ന സേവനങ്ങൾ അവരുടെ യോഗ്യതകൾക്ക് അനുസൃതമായിരിക്കേണ്ടതാണ്;

(iv) അടിസ്ഥാനപരമായി ആവശ്യമായ മാനവിക വിഭവശേഷി **അനുബന്ധം 21-**ൽ ചേർത്തിരിക്കുന്നു.

(7) **ഉപകരണങ്ങൾ, സാമഗ്രികൾ, മരുന്നുകൾ:—**

(i) ക്ലിനിക്കൽ സ്ഥാപനത്തിൽ അടിസ്ഥാനപരമായി ഉണ്ടായിരിക്കേണ്ട ഉപകരണങ്ങളും സാമഗ്രികളും മരുന്നുകളും **അനുബന്ധം 22-**ൽ നൽകിയിട്ടുണ്ട്.

(ii) ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകുന്ന സേവനങ്ങളുടെ വ്യാപ്തി അനുസരിച്ചുള്ള മറ്റ് ഉപകരണങ്ങളും സാമഗ്രികളും ലഭ്യമായിരിക്കേണ്ടതാണ്;

(iii) എല്ലാ ഉപകരണങ്ങളും എല്ലായ്പ്പോഴും പ്രവർത്തനക്ഷമമായിരിക്കേണ്ടതും ഉപകരണങ്ങളുടെ ആനുകാലിക പരിശോധന, വൃത്തിയാക്കൽ, അറ്റകുറ്റപ്പണികൾ എന്നിവ നടത്തേണ്ടതുമാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(iv) യുനാനി ക്ലിനിക്കിൽ/ഡിസ്പെൻസറിയിൽ (മരുന്ന് വിതരണം ചെയ്യുന്നിടത്ത്) നിശിത രോഗങ്ങളുടെയും വിട്ടുമാറാത്ത രോഗങ്ങളുടെയും ചികിത്സയ്ക്കുള്ള അടിസ്ഥാന മരുന്നുകൾ ഉണ്ടായിരിക്കണം. എന്നിരുന്നാലും ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകുന്ന സേവനത്തിന്റെ വ്യാപ്തി അനുസരിച്ചുള്ള മറ്റ് മരുന്നുകളും ലഭ്യമായിരിക്കേണ്ടതാണ്.

(8) **പിന്തുണാ സേവനം:—**

(i) ക്ലിനിക്കൽ സ്ഥാപനത്തിൽ നൽകി വരുന്ന സേവനങ്ങൾക്കനുസൃതമായ ഒന്നോ അതിലധികമോ സപ്പോർട്ട് സ്റ്റാഫ് ഉണ്ടായിരിക്കേണ്ടതാണ്.

(ii) ഉപകരണങ്ങളും മരുന്നുകളും സൂക്ഷിക്കുന്നതിന് മതിയായ സ്ഥലം ഉണ്ടായിരിക്കണം. മരുന്നുനിർമ്മാതാക്കളിൽ നിന്നും മാർഗ്ഗനിർദ്ദേശങ്ങൾ ലഭ്യമാവുന്ന സാഹചര്യത്തിൽ മരുന്നുകൾ സൂക്ഷിക്കുന്നത് അവരുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചായിരിക്കണം. ക്ലിനിക്കൽ സ്ഥാപനത്തിന്റെ ജോലിഭാരം നിറവേറ്റുന്നതിനുള്ള മതിയായ ഉപകരണങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(9) **നിയമപരമായ ആവശ്യകതകൾ:—**

(i) ഡോക്ടർമാർ കേന്ദ്ര മെഡിക്കൽ കൗൺസിലിലോ കേരള സംസ്ഥാന മെഡിക്കൽ കൗൺസിലിലോ രജിസ്ട്രേഷൻ ചെയ്തിരിക്കേണ്ടതാണ്;

(ii) ബയോ മെഡിക്കൽ മാലിന്യങ്ങൾ റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ശേഖരിക്കുകയും വേർതിരിക്കുകയും പായ്ക്ക് ചെയ്യുകയും കൊണ്ടുപോകുകയും സംസ്കരിക്കുകയും ചെയ്യേണ്ടതാണ്;

(10) **റിക്കാർഡ് മെയിന്റനൻസും റിപ്പോർട്ടിംഗും:—**

(i) ഓരോ ക്ലിനിക്കൽ സ്ഥാപനവും ചികിത്സിച്ച രോഗികളുടെ മെഡിക്കൽ റെക്കോർഡുകളും അനുബന്ധം. 23 അനുസരിച്ച് ആരോഗ്യ വിവരങ്ങളും സ്ഥിതിവിവരക്കണക്കുകളും സൂക്ഷിച്ചിരിക്കേണ്ടതും അധികാരികൾ ആവശ്യപ്പെടുകയാണെങ്കിൽ അത് സമർപ്പിക്കുകയും ചെയ്യേണ്ടതാണ്.

(ii) എല്ലാ രേഖകളുടെയും സ്ഥിതിവിവരക്കണക്കുകളുടെയും പകർപ്പുകൾ ഗവൺമെന്റ് മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചോ അല്ലെങ്കിൽ 2018-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് അനുസരിച്ചോ ഒരു നിശ്ചിത കാലയളവിലേക്ക് ബന്ധപ്പെട്ട ക്ലിനിക്കൽ സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.

(iii) എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും അടിയന്തരാവസ്ഥയിലോ ദുരന്തത്തിലോ പകർച്ചവ്യാധി സാഹചര്യത്തിലോ അല്ലെങ്കിൽ അധികാരികൾ കാലാകാലങ്ങളിൽ ആവശ്യപ്പെടുന്ന സമയത്തോ വിവരങ്ങളുടെയും സ്ഥിതിവിവരക്കണക്കുകളുടെയും രേഖകൾ നൽകാൻ ബാധ്യസ്ഥരാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(11) **അടിസ്ഥാന പ്രക്രിയ:—**

(i) *രജിസ്ട്രേഷനും ഡോക്യുമെന്റേഷനും,—*

(എ) ക്ലിനിക്ക് സന്ദർശിക്കുന്ന ഓരോ രോഗിയുടെയും വിശദാംശങ്ങൾ രജിസ്റ്റർ ചെയ്യുകയും രേഖപ്പെടുത്തേണ്ടതുമാണ്;

(ബി) ഓരോ രോഗിയും പരിശോധനയ്ക്ക് വിധേയരാകുകയും തുടർന്ന് കണ്ടെത്തലുകൾ, പരിശോധന വിശദാംശങ്ങൾ, മരുന്ന്, ചികിത്സാ നടപടിക്രമങ്ങൾ എന്നിവ രോഗനിർണയത്തോടൊപ്പം രേഖപ്പെടുത്തേണ്ടതും തീയതിയും ഡോക്ടറുടെ ഒപ്പും സഹിതം കുറിപ്പടിയിൽ വ്യക്തമായി രേഖപ്പെടുത്തേണ്ടതുമാണ്;

(സി) **അനുബന്ധം 24** പ്രകാരമുള്ള രോഗിയുടെ അവകാശങ്ങളെയും ഉത്തരവാദിത്തങ്ങളെയും കുറിച്ച് രോഗിയെ ബോധവൽക്കരിക്കുകയും അറിയിക്കുകയും ചെയ്തിരിക്കേണ്ടതാണ്.

(ii) *മരുന്നുകളുടെ വിതരണം,—*

(എ) മരുന്നുകൾ വിതരണം ചെയ്യേണ്ടത് ഡോക്ടറുടെ മേൽനോട്ടത്തിൽ ആയിരിക്കേണ്ടതാണ്;

(ബി) ലഭ്യമായ എല്ലാ മരുന്നിനും ലേബലിംഗ് നടത്തണം. അതിൽ മരുന്നിന്റെ പേര്, ഡോസ്, ഉപയോഗ രീതി, കഴിക്കേണ്ട ആവൃത്തി, തയ്യാറാക്കുന്ന തീയതി എന്നിവ ഉൾപ്പെട്ടിരിക്കേണ്ടതാണ്;

(സി) മരുന്ന് നൽകുന്നതിന് മുമ്പ് നിർദ്ദേശിച്ച മരുന്നിന്റെ ഡോസ്, കാലാവധി തീരുന്ന തീയതി, നിർദ്ദേശിച്ച മരുന്നിന്റെ ലേബലുകൾ എന്നിവ പരിശോധിക്കേണ്ടതാണ്.

(iii) *അണുബാധ നിയന്ത്രണം,—*

(എ) കൈകളുടെ ശുചിത്വം ഉൾപ്പെടെയുള്ള അണുബാധ നിയന്ത്രിക്കുന്നതിനുള്ള എല്ലാ മുൻകരുതലുകളും ക്ലിനിക്കൽ സ്ഥാപനങ്ങൾ കൈക്കൊള്ളേണ്ടതാണ്;

(ബി) കൈകഴുകുന്നതിനോ മറ്റു സാനിറ്റൈസേഷൻ പ്രക്രിയകൾക്കോ ഉള്ള ശുദ്ധജലത്തിന്റെ ലഭ്യത ക്ലിനിക്കിന്റെ പ്രവർത്തനസമയത്തിലുടനീളം നിലനിർത്തണം;

(സി) ടോയ്‌ലറ്റുകളിൽ ശുചിത്വം പാലിക്കേണ്ടതാണ്;

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

(ഡി) എല്ലാ രോഗി പരിചരണ സ്ഥലങ്ങളും അണുനാശിനി ഉപയോഗിച്ച് വൃത്തിയാക്കുന്നത് ദിവസത്തിൽ ഒരിക്കലെങ്കിലും ചെയ്തിരിക്കേണ്ടതാണ്.

(iv) *സുരക്ഷാ പരിഗണനകൾ*:—ക്ലിനിക്കുകൾ രോഗിയുടെ സുരക്ഷയ്ക്കുള്ള എല്ലാ മുൻകരുതലുകളും എടുക്കേണ്ടതും കീടങ്ങളെയും കൊതുകുകളെയും ഇല്ലാതാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(v) *ബയോമെഡിക്കൽ മാലിന്യ സംസ്കരണം*:—റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി മാലിന്യങ്ങൾ ശേഖരിക്കുകയും വേർതിരിക്കുകയും പായ്ക്ക് ചെയ്യുകയും കൊണ്ടുപോകുകയും സംസ്കരിക്കുകയും ചെയ്തിരിക്കേണ്ടതാണ്. കൂടാതെ മാലിന്യ സംസ്കരണം നിരന്തരം നിരീക്ഷിക്കപ്പെട്ടിരിക്കേണ്ടതുമാണ്.

(vi) *പ്രഥമശുശ്രൂഷ*,—

(എ) പ്രഥമശുശ്രൂഷ നൽകുന്നതിനുള്ള സൗകര്യങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(ബി) അടിയന്തിര സാഹചര്യങ്ങളിൽ ആംബുലൻസ്, ആശുപത്രികൾ മുതലായവയുമായി ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ ലഭ്യമായിരിക്കണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം -19

ആശുപത്രിയിൽ വേണ്ട അടിസ്ഥാന സ്ഥല സൗകര്യം

[ചട്ടം 7 (4) (ii) കാണുക]

| ക്രമ നമ്പർ | | സ്ഥലം | വിശദീകരണം |
|---|---|---|---|
| 1 | വാർഡ് | വാർഡ് കിടക്കയും ചുറ്റുമുള്ള സ്ഥലവും 50 ചതുരശ്ര അടി | ഓരോ കിടക്കയിലും 1 മീറ്റർ അകലം കൂടാതെ, നഴ്സിംഗ് സ്റ്റേഷൻ, വാർഡ് സ്റ്റോർ, സാനിറ്ററി, എന്നിവയ്ക്കായി മൊത്തം ഏരിയയിൽ സൂചിപ്പിച്ചിരിക്കുന്ന 30% സർക്കുലേഷൻ സ്പേസ് നൽകണം. നടപടിക്രമ മുറ |
| 2 | ട്രീറ്റ്മെൻറ് റൂം | കിടക്ക ബാത്ത്റൂം ഉൾപ്പെടെ 100 ചതുരശ്ര അടി | 100 sq ft |
| 3 | മറ്റു ഏരിയകൾ | നഴ്സിംഗ് സ്റ്റേഷൻ, സ്റ്റോർ, വൃത്തിയുള്ളതും വൃത്തിഹീനമായതുമായ യൂട്ടിലിറ്റി, സർക്കുലേറ്റിംഗ് ഏരിയ, ടോയ്‌ലറ്റ്, ശുചിമുറി / ശുചിമുറി കൺസൾട്ടിംഗ് റൂം | 50 sq ft<br>80 sq ft<br>20 sq ft<br>80 sq ft |
| 4 | ബയോമെഡിക്കൽ വേസ്റ്റ് മാനേജ്മെൻറ് | ബയോ മെഡിക്കൽ മാലിന്യങ്ങൾ | 20 sq ft |
| 5 | മറ്റു ഏരിയകൾ | സ്വീകരണം / ഫ്രണ്ട് ഓഫീസ് കാത്തിരിപ്പ് സ്ഥലം | 50 sq ft<br>80 sq ft |

**വാർഡിലെ മറ്റ് ആവശ്യകതകൾ**: 1. വാർഡിൽ നഴ്സിംഗ് സ്റ്റേഷൻ, ഡോക്ടർമാരുടെ ഡ്യൂട്ടി റൂം, സ്റ്റോർ, യൂട്ടിലിറ്റിക്കുള്ള സ്റ്റോർ, 24 മണിക്കൂറും വൈദ്യുതി, ജലവിതരണ സൗകര്യം, ടോയ്‌ലറ്റുകൾ എന്നിവയ്ക്കായി നിയുക്ത പ്രദേശങ്ങൾ ഉണ്ടായിരിക്കണം.

2. കിടക്കകൾ തമ്മിലുള്ള ദൂരം 1 മീറ്റർ ആയിരിക്കണം.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

3. രോഗികളുടെ കാത്തിരിപ്പ് കേന്ദ്രം, ശുചിമുറികളുടെ എണ്ണം, ചികിത്സ മുറി മുതലായവ ആശുപത്രിയുടെ കിടക്കയുടെ ശക്തിയും വ്യാപ്തിയും അനുസരിച്ച് ആവശ്യമാണ്.

**അനുബന്ധം-20**

ഫർണിച്ചറുകൾ

[ചട്ടം 7 (5) കാണുക]

| നമ്പർ | ഇനം |
|---|---|
| 1 | എക്സാമിനേഷൻ ടേബിൾ |
| 2 | ബെഡ് സൈഡ് ടേബിൾ |
| 3 | കസേരകൾ |
| 4 | എക്സ്റേ വ്യൂ ബോക്സ് |
| 5 | വെയിറ്റിംഗ് ബെഞ്ചുകൾ / കസേരകൾ |
| 6 | വീൽ ചെയർ |
| 7 | മടക്കാവുന്ന സ്ക്രീനുകൾ അല്ലെങ്കിൽ കർട്ടനുകൾ |
| 8 | മെഡിസിൻ ട്രോളി |
| 9 | കിടക്ക |

* ഇതൊരു സൂചക പട്ടികയാണ്, ആശുപത്രിയുടെ വലുപ്പവും സേവനത്തിന്റെ വ്യാപ്തിയും അനുസരിച്ച് ഇനങ്ങളും ഇനങ്ങളുടെ എണ്ണവും നൽകേണ്ടതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 21

മാനവ വിഭവശേഷി

[ചട്ടം 7(6) (iv) കാണുക]

ആശുപത്രികൾ നൽകുന്ന സേവനങ്ങളുടെ വ്യാപ്തി, കിടക്കയുടെ എണ്ണം ആശുപത്രിയുടെ ജോലിഭാരം എന്നിവയെ ആശ്രയിച്ചാണ് ഏതൊരു ആശുപത്രിയുടെയും മാനവ വിഭവശേഷി ആവശ്യകത. എന്നിരുന്നാലും, പൊതുമേഖലയെ സംബന്ധിച്ചിടത്തോളം ഇത് സർക്കാർ അംഗീകരിച്ച മാനദണ്ഡങ്ങൾ അനുസരിച്ചാവണം.

| നമ്പർ | ഇനം |
|---|---|
| 1 | രജിസ്റ്റർ ചെയ്ത മെഡിക്കൽ പ്രാക്ടീഷണർ / സ്പെഷ്യലിസ്റ്റ് ഡോക്ടർ - സംസ്ഥാന / സെൻട്രൽ മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്ത യോഗ്യതയുള്ള ഡോക്ടർ സൈറ്റിൽ 24 മണിക്കൂറും ലഭ്യമായിരിക്കുക. (കാലാകാലങ്ങളിലെ സംസ്ഥാന ഗവ. നിയമങ്ങളും ചട്ടങ്ങളും അനുസരിച്ചുള്ള യോഗ്യത നേടുന്ന ഒരാളാണ് യോഗ്യതയുള്ള ഡോക്ടർ). |
| 2 | തെറാപ്പിസ്റ്റ് - ഓരോ ഷിഫ്റ്റിലും ഓരോ യൂണിറ്റിനും യോഗ്യതയുള്ള തെറാപ്പിസ്റ്റ് / വിദഗ്ധ സഹായി, ആവശ്യാനുസരണം ലഭ്യമാവണം. |
| 3 | ഫാർമസിസ്റ്റ് (NCP/CCP) പൊതുമേഖലയിലെ ഒരു ആശുപത്രിയിൽ ഒരാളെങ്കിലും ഉണ്ടായിരിക്കണം |
| 4 | സാഹചര്യത്തിന്റെ ആവശ്യകതയെ ആശ്രയിച്ച്, നിർദ്ദിഷ്ട വ്യവസ്ഥകളും യോഗ്യതകളും അനുസരിച്ചുള്ള മറ്റ് സ്റ്റാഫുകൾ |

ജീവനക്കാരുടെ എണ്ണം ആശുപത്രിയുടെ വ്യാപ്തിയെയും കിടക്കകളുടെ എണ്ണത്തെയും ആശ്രയിച്ചിരിക്കും. എന്നിരുന്നാലും, വിഭാഗത്തിന്റെ അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയിലെ ആശുപത്രികളിലെ ഏറ്റവും കുറഞ്ഞ സ്റ്റാഫ് ആവശ്യകതകൾ ചുവടെ പട്ടികപ്പെടുത്തിയിരിക്കുന്നു:

### ആശുപത്രിക്കുള്ള എച്ച്ആർ: ഹോസ്പിറ്റൽ വിഭാഗം 1

| നമ്പർ | പോസ്റ്റിന്റെ പേര് | ആവശ്യകത |
|---|---|---|
| 1 | ഡോക്ടർ / സ്പെഷ്യലിസ്റ്റ് ഡോക്ടർ | 1 |
| 2 | തെറാപ്പിസ്റ്റ്/വിദഗ്ധ സഹായി | 2 |
| 3 | ക്ലീനിംഗ് സ്റ്റാഫ് | 1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

**ആശുപത്രിക്കുള്ള എച്ച്ആർ: ഹോസ്പിറ്റൽ വിഭാഗം 2**

| നമ്പർ | പോസ്റ്റിന്റെ പേര് | ആവശ്യകത |
|---|---|---|
| 1 | ഡോക്ടർ / സ്പെഷ്യലിസ്റ്റ് ഡോക്ടർ | 2 |
| 2 | ആർ.എം.ഒ | 1 |
| 3 | തെറാപ്പിസ്റ്റ് | 2 |
| 4 | സഹായി | 2 |
| 5 | ഭക്ഷണം പാകം ചെയ്യാനുള്ള ആൾ | 1 |
| 6 | ക്ലീനിംഗ് സ്റ്റാഫ് | 2 |

**ആശുപത്രിക്കുള്ള എച്ച്ആർ: ഹോസ്പിറ്റൽ വിഭാഗം 3**

| നമ്പർ | പോസ്റ്റിന്റെ പേര് | ആവശ്യകത |
|---|---|---|
| 1 | ഡോക്ടർ/സ്പെഷ്യലിസ്റ്റ് ഡോക്ടർ | 5 |
| 2 | മെഡിക്കൽ സൂപ്രണ്ട് | 1 |
| 3 | ആർ.എം.ഒ | 1 |
| 4 | തെറാപ്പിസ്റ്റ് | 4 |
| 5 | സഹായി | 4 |
| 6 | ഭക്ഷണം പാകം ചെയ്യാനുള്ള ആൾ | 2 |
| 7 | ക്ലീനിംഗ് സ്റ്റാഫ് | 2 |
| 8 | ക്ലർക്ക് | 1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 22

എമർജൻസി കെയർ മരുന്നുകൾ

[ചട്ടം 7 (7) (i) കാണുക]

| ക്രമനമ്പർ | എമർജൻസി കെയർ മരുന്നുകൾ |
|---|---|
| 1 | അർഖ് അജീബ് |
| 2 | ഹബ്ബെ ശിഫ |
| 3 | ഹബ്ബെ അസ്റാക്കി |
| 4 | ഹബ്ബെ ബുഖാർ |
| 5 | ഹബ്ബെ സിയാബത്തിസ് |
| 6 | ഹബ്ബെ സീക്കുന്നഫ്സ് |
| 7 | ഹബ്ബെ സുരഞ്ജൻ |
| 8 | ഖുർസ് ബന്തിഷ് ഖൂൻ |
| 9 | ഖുർസ് ആൽക്കലി |
| 10 | ഖുർസ് കുശ്ത്ത ഗൗദന്തി |
| 12 | ശർബത്ത് തമർ ഹിന്ദി |
| 13 | ഇത്രീഫൽ സനായി |
| 14 | മാജൂൻ സുരഞ്ജൻ |

## അനുബന്ധം 23

രജിസ്റ്ററുകൾ

[ചട്ടം 7 (10) (i) കാണുക]

| നമ്പർ | രജിസ്റ്ററിന്റെ പേര് | എണ്ണം |
|---|---|---|
| 1 | ഒ. പി. രജിസ്റ്റർ | 1 |
| 2 | മെഡിസിൻ രജിസ്റ്റർ | 1 |

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## അനുബന്ധം 24

<u>രോഗികളുടെ അവകാശങ്ങളും ഉത്തരവാദിത്തങ്ങളും</u>

[ചട്ടം 7 (11) (i) (സി) കാണുക]

ഒരു രോഗിക്കും അയാളുടെ പ്രതിനിധിക്കും ഇനിപ്പറയുന്ന അവകാശങ്ങൾ ഉണ്ടായിരിക്കുന്നതാണ്:

1. രോഗത്തിന്റെ സ്വഭാവം, കാരണം, നിർദ്ദിഷ്ട ഇൻവെസ്റ്റിഗേഷൻസും പരിചരണവും, ചികിത്സയുടെ പ്രതീക്ഷിക്കുന്ന ഫലങ്ങൾ, പ്രതീക്ഷിക്കുന്ന സങ്കീർണതകൾ, പ്രതീക്ഷിക്കുന്ന ചെലവുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അറിയാനുള്ള അവകാശം.

2. ചികിത്സയുടെ രഹസ്യസ്വഭാവം, അന്തസ്സ്, സ്വകാര്യത എന്നിവ നിലനിത്താനുള്ള അവകാശം.

3. ഒരു സ്ത്രീ രോഗിയുടെ ശാരീരിക പരിശോധനയിൽ പുരുഷ ഡോക്ടർക്കൊപ്പം ഒരു സ്ത്രീയുടെ സാന്നിധ്യം ഉറപ്പാക്കുക.

4. എച്ച്ഐവി പോലുള്ള അവസ്ഥയുടെ അടിസ്ഥാനത്തിൽ ചികിത്സയിലും പെരുമാറ്റത്തിലും വിവേചനം കാണിക്കാതിരിക്കുക.

5. റഫറൽ ആശുപത്രയിലേയ്ക്ക് ഒരു റഫറൻസ് ആവശ്യമുള്ളപ്പോഴെല്ലാം, ശരിയായ റഫറൻസ് ലെറ്റർ നൽകേണ്ടതാണ്. .

രോഗികളുടെ ഉത്തരവാദിത്തങ്ങൾ

1. ആരോഗ്യ സംബന്ധിയായ എല്ലാ വിവരങ്ങളും നൽകുക.

2. പരിശോധനയിലും ചികിത്സയിലും ഡോക്ടറുമായി സഹകരിക്കുക.

3. എല്ലാ നിർദ്ദേശങ്ങളും പാലിക്കുക.

4. ആശുപത്രികൾ സമ്മതിച്ച ഫീസ് കൃത്യസമയത്ത് അടയ്ക്കുക.

5. ഡോക്ടറുടെയും മറ്റ് ആശുപത്രി ജീവനക്കാരുടെയും അന്തസ്സിനെ മാനിക്കുക.

6. അക്രമത്തിൽ ഏർപ്പെടാതിരിക്കുക.

7. രോഗിയിൽ നിന്നോ കൂടെയുള്ളവരിൽ നിന്നോ മോശമായ പെരുമാറ്റം ഉണ്ടായാൽ നിയമനടപടികൾ നേരിടേണ്ടി വരുന്നതാണ്.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

8. യുനാനി ടീച്ചിംഗ് ആശുപത്രികൾ പാലിക്കേണ്ടതായ നിലവാരങ്ങൾ:— നാഷണൽ കമ്മീഷൻ ഫോർ ഇന്ത്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഗസറ്റ് വിജ്ഞാപനങ്ങൾ പ്രകാരം എല്ലാ ടീച്ചിംഗ് ഹോസ്പിറ്റലുകളും എല്ലാ മിനിമം സ്റ്റാൻഡേർഡ് ആവശ്യകതകളും പാലിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

എ. പി. എം. മുഹമ്മദ് ഹനിഷ്,
*ഗവൺമെന്റ് പ്രിൻസിപ്പൽ സെക്രട്ടറി.*

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ അതിന്റെ പൊതു ഉദ്ദേശം വ്യക്തമാക്കുവാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് (2018 ലെ 2-ാം ആക്റ്റ്) 13-ാം വകുപ്പ് 1-ാം ഉപ വകുപ്പ് പ്രകാരം വിവിധ ഭാഗങ്ങളിലെ ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായ നിലവാരങ്ങൾ നിർണ്ണയിക്കുവാൻ സർക്കാരിന് അധികാരം നൽകുന്നു. മേൽപ്പറഞ്ഞ ആവശ്യത്തിലേക്കായി ചട്ടങ്ങൾ രൂപീകരിക്കുവാൻ സർക്കാർ തീരുമാനിച്ചു.

പ്രസ്തുത ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2024

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by Veeran T
Date:2024.02.29 10:15:27 +05:30